# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2018
നവംബർ
വാല്യം 11 | ലക്കം 11
Annual Subscription ₹ 60.00

**വത്തിക്കാനിൽ നടന്ന മെത്രാന്മാരുടെ 15–ാമത് സാധാരണ സിനഡിൽ**
**(3–28 ഒക്ടോബർ 2018)**
**കേരള ലത്തീൻ സഭയുടെ പ്രതിനിധിയായി പങ്കെടുത്ത**
**അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവ്**
**പരി. പിതാവ് ഫ്രാൻസീസ് പാപ്പായെ സന്ദർശിക്കുന്നു**







സിനഡിൽ അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവിന്റെ അവതരണം

NOVEMER 2018
Vol.11 • No.11
REGISTERED NEWSPAPER
Reg.No. KERMAL/2008/24745


# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN


Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editors*
**Fr. Xavier Cherunellady**
**Adv. Henry John**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Sri. Albert John**

*Circulation Manager*
**Fr. Xavier Cherunellady**
Mob: 9946511172
Ph: 0481-2456055




## താളുകൾ മറിക്കുമ്പോൾ...


4 എഡിറ്റോറിയൽ:

**മരിച്ചുപോയവർക്കുവേണ്ടി പ്രാർത്ഥിച്ച് ആശ്വാസം നേടാം**

5 രൂപതാകാര്യാലയത്തിൽ നിന്ന്

6 **ദൈവാലയ ഗായകസംഘ മത്സരവും, പ്രസംഗ മത്സരവും**

9 **ബൈബിൾ ഞായർ** (കെ.സി.ബി.സി. സർക്കുലർ)

15 **മതബോധന ദേശീയ സെമിനാർ**

17 **ഇടവകവാർത്തകൾ**

19 **മതബോധനരംഗം**

22 വി.എസ്.എസ്.എസ്. വാർത്തകൾ

26 **സംഘടനാ വാർത്തകൾ**

34 അഭിവന്ദ്യ പിതാവിന്റെ നവംബർ മാസ പരിപാടികൾ



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com

EDITORIAL

# മരിച്ചുപോയവർക്കു വേണ്ടി പ്രാർത്ഥിച്ച് ആശ്വാസം നേടാം



ആരാധനാവത്സരത്തിലെ അവസാനമാസമാണ് നവംബർ. തുടക്കം മുതൽ അവസാനം വരെ ജീവിതാന്ത്യത്തെയും യുഗാന്ത്യത്തെപ്പറ്റിയുമാണ് ഈ മാസം ഓർമ്മപ്പെടുത്തുക. നവംബർ ഒന്നാം തീയതി സകല വിശുദ്ധരുടെയും തിരുനാളും നവംബർ അവസാനം ക്രിസ്തുരാജ തിരുനാളും നാം കൊണ്ടാടുന്നു. നവംബർ 2-ാം തീയതി മരിച്ചു ശുദ്ധീകരണസ്ഥലത്തിൽ വേദനയനുഭവിക്കുന്നവരെയോർത്ത് അവർക്ക് വേണ്ടി പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ (ദിവ്യബലികളും ഒപ്പീസുകളും) നടത്തുന്നു. നവംബർ മാസം മുഴുവൻ മരിച്ചവരെ പ്രത്യേകമായി ഓർത്തു പ്രാർത്ഥിക്കുന്നു.

മൂന്നു ജീവിതയാഥാർത്ഥ്യങ്ങളാണ് ഇതു നമ്മെയോർമ്മപ്പെടുത്തുക. നമ്മുടെ ലോകമോ, ഭവനമോ ഈ ലോക ജീവിതമോ നിത്യമല്ല. ഇവിടെ നാം പരദേശികളാണ്, തീർത്ഥാടകരാണ്. നിത്യലോകമായ സ്വർഗ്ഗത്തിലേക്ക് നിത്യഭവനമായ ദൈവ കുടുംബത്തിലേക്ക് മനുഷ്യർ എന്ന അവസ്ഥയിൽ നിന്ന് വിശുദ്ധർ എന്ന അവസ്ഥയിലേക്ക് കടന്നു പോകേണ്ടവരാണ് നാമോരോരുത്തരും. രണ്ടു കടമകളാണ് ഇവിടെ നമുക്കുള്ളത്. സമയത്തിലായിരിക്കുമ്പോഴെ നിത്യതയെ ലക്ഷ്യമാക്കി ജീവിക്കുക. മരണത്തെക്കാളും ശക്തമായ സ്നേഹത്താൽ നിറഞ്ഞ് മരിച്ചുപോയവർക്ക് വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് അവരോടുള്ള സ്നേഹം പ്രകടമാക്കുക.

മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന മരിച്ചവർക്കുവേണ്ടി മാത്രമല്ല, ഭൂമിയിൽ ജീവിച്ചിരിക്കുന്ന നമുക്കുവേണ്ടിയുമാണ്. നമ്മുടെ പ്രാർത്ഥനവഴി മരിച്ചവർ നിത്യജീവൻ പ്രാപിക്കുമ്പോൾ നാം ആശ്വാസം അനുഭവിക്കും. മരിച്ചുപോയവരെയോർത്ത് കരഞ്ഞുകൊണ്ടേയിരുന്നാൽ, അവർ നമുക്ക് മരിച്ചവരാണ്, നഷ്ടപ്പെട്ടവരാണ്. അവരെ ദൈവസന്നിധിയിൽ നന്ദി പറഞ്ഞ്, ദൈവകരങ്ങളിലേക്ക് സമർപ്പിച്ച് വിട്ടുകൊടുക്കുമ്പോഴോ, സ്വർഗ്ഗത്തിൽ ദൈവഭവനത്തിൽ, ദൈവത്തിന്റെ സ്വന്തമായി വിശുദ്ധരായി ജീവിക്കും. അവർ നമുക്കു വേണ്ടി ദൈവസന്നിധിയിൽ യേശുവിനോടു ചേർന്ന് മദ്ധ്യസ്ഥം വഹിക്കുന്നവരാകും. ഈ ലോകത്തിൽ നാം പരസ്പരം സ്വന്തം എന്ന നിലയിൽ പെരുമാറും. എന്നാൽ സത്യത്തിൽ നാമെല്ലാം ദൈവത്തിന്റെ സ്വന്തമാണ്. ജനനം മുതൽ മരണംവരെ പരസ്പരം സ്വന്തമാക്കാൻ ദൈവം അനുവദിച്ചിരിക്കുന്നു. അത് എന്നും പരസ്പരം സ്വന്തമാക്കി ഒരുക്കിവക്കാനല്ല. ദൈവത്തിന്റെ സ്വന്തമായി ജീവിക്കാൻ പരിശീലിപ്പിക്കാൻ വേണ്ടിയാണ്. ദൈവസ്നേഹത്താൽ നിറഞ്ഞ്, ദൈവമേല്പിച്ച ദൗത്യവും ദൈവേഷ്ടവും നിറവേറ്റി, ദൈവചൈതന്യത്തോടെ ജീവിക്കുമ്പോഴാണ് നാം ദൈവത്തിന്റെ

*പേജ് 7-ൽ*

# രൂപതാ കാര്യാലയത്തിൽ നിന്ന്

## കുടിൽരഹിത രൂപത സംഭാവനകൾ (തുടർച്ച)

76. Lizy David ........................................................Rs.15,000

## ശബരിമല ചർച്ച് നിർമ്മാണം- സംഭാവനകൾ

1. Bishop's Benefactor ........................................Rs.1,07,425
2. Fr. Edvin Kadavanthara .....................................Rs.83,000

## വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിലേക്ക് സംഭാവന നൽകിയവർ (തുടർച്ച)

| Sl | Name | Amount |
|---|---|---|
| 53 | KLCA, Diocese of Neyyattinkara. | 50,000 |
| 54 | St. Joseph's Church, Nedungapra | 10,000 |
| 55 | Little Flower Church, Kattampack | 5,211 |
| 56 | Vinod Thomas, Anakulangara, Manarcad- Ktym | 50,000 |
| 57 | D. Kumar, C.J. Constructions, Athirampuzha | 10,000 |
| 58 | St. Francis De Sales Church, Peruva | 11,200 |
| 59 | Sabu Pulimoottil, Nattassery, Ktym | 2,000 |
| 60 | Udhanasramam, Anavilasom,Kumaly | 20,000 |
| 61 | Sunil Prasad, Elavumkal, Kuttikanam | 50,000 |
| 62 | St. Mary's Church, Mundakayam | 100,000 |
| 63 | St. Antony's Church, Vagamon | 2,000 |
| 64 | Fr. Sunny, Vagamon | 1,000 |
| 65 | Joseph K. A. , Top Style Constructions | 25,000 |
| 66 | St. Alosious Brothers, Vaniyapurackal, TVM | 100,000 |
| 67 | John Joseph, Kunnelparambil, Pakkil | 25,000 |
| 68 | St.George Church, Perumbavoor | 50,000 |
| 69 | Vincy, Chackalackal, Ktym | 1,274 |
| 70 | St. Joseph's Church, Velliyamattom | 20,325 |
| 71 | St.Mary's Church, Kurumulloor | 30,000 |
| 72 | Society of Daughters of Mary Immaculate (DMI) | 500,000 |
| 73 | St. Anne's Convent, Pattithanam | 100,000 |
| 74 | Diocese of Miao | 107,000 |
| 75. | Benefactor, Seminary | 181,500 |

## ആർച്ച്ബിഷപ്പ് കൊർണേലിയൂസ് ഇലഞ്ഞിക്കൽ മെമ്മോറിയൽ

# ദൈവാലയ ഗായകസംഘ മത്സരവും

## ബിഷപ്പ് പീറ്റർ തുരുത്തിക്കോണം മെമ്മോറിയൽ

# പ്രസംഗമത്സരവും

## 2018 നവംബർ 24 ശനി

**പു**ണ്യസ്മരണാർഹരായ അഭിവന്ദ്യ കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവിന്റെയും അഭിവന്ദ്യ പീറ്റർ തുരുത്തിക്കോണം പിതാവിന്റെയും അനുസ്മരണാർഥം യഥാക്രമം ദൈവാലയ ഗായകസംഘ മത്സരവും പ്രസംഗമത്സരവും ഈ വർഷവും നടത്തപ്പെടുന്നു. **2018 നവംബർ 24-ാം തീയതി ശനിയാഴ്ചയാണ്** ഈ വർഷത്തെ രൂപതാതല മത്സരങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. **നവംബർ മാസം 13-ാം തീയതിക്കു** മുൻപായി മേഖലാതല മത്സരങ്ങൾ നടത്തുവാൻ ഫൊറോനാ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. മേഖലാതലത്തിലുള്ള മത്സരങ്ങളിൽ ഒന്നാം സ്ഥാനത്ത് എത്തുന്നവരെ മാത്രം രൂപതാ മത്സരങ്ങളിലേക്ക് അയയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. **എല്ലാ ഫൊറോനാകളുടെയും പ്രാതിനിധ്യം 2 മത്സര വിഭാഗങ്ങളിലും ഉറപ്പുവരുത്തുവാൻ ബഹു. ഫൊറോനാ വികാരിമാർ പരിശ്രമിക്കണമെന്നും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.**

I. **ഗായകസംഘ മത്സരത്തിനുള്ള നിബന്ധനകൾ**

a. വിജയപുരം രൂപതയിലെ ഇടവകകളിൽ നിന്നുള്ള അംഗീകൃത ഗായകസംഘങ്ങൾക്ക് മാത്രമേ ഈ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. പങ്കെടുക്കുന്നവർ കത്തോലിക്കാ തിരുസഭയിൽ അംഗങ്ങൾ ആയിരിക്കണം.

b. സംഘത്തിൽ ഓർഗനിസ്റ്റ് ഉൾപ്പടെ ആറ് അംഗങ്ങൾ ഉണ്ടായിരിക്കണം. പരമാവധി 15 പേർ മാത്രം.

c. ദൈവാലയ ശുശ്രൂഷകളിൽ ആലപിക്കപ്പെടുന്ന ഒരു ഗാനം മാത്രമാണ് അനുവദനീയം.

d. പശ്ചാത്തലസംഗീതത്തിനല്ല, പാട്ടിനാണ് പ്രാധാന്യം; അതിനു വ്യക്തത ഉണ്ടായിരിക്കണം. ശ്രുതി, ലയം, താളം ഇവയുടെ അടിസ്ഥാനത്തിലായിരിക്കും വിജയികളെ തെരഞ്ഞെടുക്കുക. ഏകാലാപനം (സോളോ) അനുവദനീയമല്ല.

e. പശ്ചാത്തല സംഗീതത്തിന് ഓർഗൺ മാത്രം ഉപയോഗിക്കാം. എന്നാൽ തൽസമയം വാദനം ചെയ്യണം. സി.ഡി., പെൻഡ്രൈവ് എന്നിവയുടെ ഉപയോഗം അനുവദനീയമല്ല.

f. മത്സര സമയം 10 മിനിറ്റ് ആയിരിക്കും.

g. സ്റ്റേജിൽ മൈക്രോഫോണുകളും മോണിറ്ററും സജ്ജീകരിച്ചിരിക്കും. ഇവ ആവശ്യാനുസരണം ഉപയോഗിക്കാവുന്നതാണ്.

h. മേഖലാതലത്തിൽ മത്സരം നടത്തി തെരഞ്ഞെടുക്കപ്പെടുന്ന ടീമുകൾ ബഹു. വികാരി അച്ചൻമാരുടെ സാക്ഷ്യപത്രത്തോടൊപ്പം അവതരിപ്പിക്കുന്ന ഗാനത്തിന്റെ ഒരു കൈയ്യെഴുത്തുപ്രതി പരിശോധനക്കായി രൂപതാ

മതബോധനകേന്ദ്രത്തിൽ **നവംബർ 13-ാം തീയതി**ക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. ഈ ഗാനങ്ങൾ മാത്രമേ സ്റ്റേജിൽ അവതരിപ്പിക്കാവൂ.

i. മത്സരത്തെ സംബന്ധിച്ചുള്ള പരാതികൾ മത്സരം അവസാനിച്ച് 15 മിനിറ്റിനുള്ളിൽ **250 രൂപ ഫീസ്** സഹിതം എഴുതി സമർപ്പിക്കേണ്ടതാണ്. അപ്പീൽ കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

j. ഗായകസംഘ മത്സരങ്ങൾ രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്.

II. **പ്രസംഗ മത്സരത്തിനുള്ള നിബന്ധനകൾ**

1. പ്രസംഗ സമയം 5 മിനിറ്റായിരിക്കും.
2. മത്സരത്തിനു 10 മിനിറ്റ് മുമ്പ് മാത്രമേ വിഷയം നൽകപ്പെടുകയുള്ളൂ.
3. മത്സരാർത്ഥികൾ രൂപതാംഗങ്ങളും 15 വയസ്സ് മുതൽ 25 വയസ്സ് വരെ പ്രായപരിധിയിലുള്ളവരുമായിരിക്കണം.
4. സഭാകമ്പം ഇല്ലാതെ സംസാരിക്കാനുള്ള കഴിവ്, അക്ഷരസ്ഫുടത, ഭാഷാശുദ്ധി, ആശയസ്ഫുടത, ധാരാവാഹിത്വം, ശബ്ദനിയന്ത്രണം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും വിജയികളെ തെരഞ്ഞെടുക്കുന്നത്.
5. മേഖലാതലത്തിൽ മത്സരം നടത്തി തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ ബഹു. വികാരി അച്ചൻമാരുടെ സാക്ഷ്യപത്രത്തോടൊപ്പം **നവംബർ 24-ാം തീയതി** രാവിലെ 9.30 മണിയോടെ രൂപതാ പാസ്റ്ററൽ സെന്ററിലുള്ള രജിസ്ട്രേഷൻ കൗണ്ടറിൽ എത്തിച്ചേരേണ്ടതാണ്. 10 മണിക്ക് മത്സരങ്ങൾ ആരംഭിക്കും.
6. മത്സരത്തെ സംബന്ധിച്ചുള്ള പരാതികൾ മത്സരം അവസാനിച്ച് 15 മിനിറ്റിനുള്ളിൽ 250 രൂപ ഫീസ് സഹിതം എഴുതി സമർപ്പിക്കേണ്ടതാണ്. അപ്പീൽ കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

*വികാരി ജനറാൾ*

---

സ്വന്തമായി തീരുക. അതിനു പരസ്പരം സഹായിക്കുക എന്നതാണ് നമ്മുടെ പരസ്പര സ്നേഹം. ആ സ്നേഹത്തിന്റെ പ്രകടനത്തിന്റെ പൂർണ്ണതയാണ് മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയിലൂടെ നാം പ്രകടമാക്കുന്നത്.

അമ്മയുടെ ഉദരത്തിൽ വസിച്ചുകൊണ്ട് ഈ ലോക ജീവിതത്തിനുവേണ്ടി നാം ഒരുങ്ങി. ഈ ലോകത്തിൽ വസിച്ചുകൊണ്ട് നിത്യലോക ജീവിതത്തിനുവേണ്ടി നാം ഒരുങ്ങുന്നു. വേണ്ടവണ്ണം ഒരുങ്ങാതെ ഈ ലോകത്തിലേക്ക് നാം കടന്നുവന്നാൽ മനുഷ്യർ നമ്മെ ഇൻക്യുബേറ്ററിലാക്കി ഈ ലോക ജീവിതത്തിന് തയ്യാറാക്കും. ഈ ലോകത്തിൽ നിന്ന് പൂർണ്ണ ഒരുക്കമില്ലാതെ നാം നിത്യതയിലേക്ക് കടന്നാൽ ദൈവം നമ്മെ ഇൻക്യൂബേറ്ററിലാക്കും. അതാണ് ശുദ്ധീകരണസ്ഥലം. അതില്ലായിരുന്നെങ്കിൽ ലഘു പാപം പോലും നമ്മെ നരകത്തിലാക്കിയേനെ. ഈ ലോകത്തിലേക്ക് ജനിക്കുമ്പോൾ പൊക്കിൾക്കൊടി പൊട്ടിച്ച് നാം ശിശുവിനെ സ്വതന്ത്രമാക്കും. അതേ പോലെ മരിച്ചുപോയവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടും പരിഹാരങ്ങളും പരിത്യാഗങ്ങളും ചെയ്തുകൊണ്ടും മരിച്ചുപോയവരെ ദൈവത്തിന് വിട്ടുകൊടുക്കാം. സ്വർഗ്ഗത്തിൽ ജീവിക്കാൻ അവരെ സ്വതന്ത്രരാക്കാം. നമുക്ക് ആശ്വാസം നേടുകയും ചെയ്യാം.

കർത്താവേ, അവർക്ക് നിത്യശാന്തിയേകണമേ.

നിത്യവെളിച്ചം അവരുടെ മേൽ പ്രകാശിക്കുകയും ചെയ്യട്ടെ.

***പത്രാധിപർ***

# 15–ാമത് മെത്രാന്മാരുടെ സാധാരണ സിനഡ്
# സെബാസ്റ്റ്യൻ തെക്കേതേച്ചേരിൽ പിതാവ് സിനഡിൽ സംസാരിച്ചു



ഇക്കഴിഞ്ഞ ഒക്ടോബർ 03 മുതൽ 28 വരെ നടന്ന മെത്രാന്മാരുടെ സിനഡിൽ കേരള ശബ്ദം ഉയർന്നു കേട്ട ദിവസമായിരുന്നു 11–ാം തീയതി. അന്ന് കേരളത്തിൽ നിന്ന് സിനഡിൽ പങ്കെടുത്ത അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവിന് കേരള സഭയുടെ ഭാഗം അവതരിപ്പിക്കാനുള്ള അവസരം ലഭിച്ചു.

യുവജനവും വിശ്വാസവും ദൈവവിളി വിവേചിച്ചറിയലും എന്ന വിഷയം അടിസ്ഥാനമാക്കി നടന്ന സിനഡിന്റെ ഒൻപതാം ദിവസം വളരെ പ്രത്യേകത നിറഞ്ഞതായിരുന്നു. കഴിഞ്ഞ മൂന്നു ദിനങ്ങളിലെ ഗ്രൂപ്പുതല ചർച്ചകൾക്ക് ശേഷം പൊതുവായൊരു സെഷന്റെ ദിവസമായിരുന്നു അന്ന്. വിവിധ പ്രദേശങ്ങളെ പ്രതിനിധാനം ചെയ്യുന്ന കർദ്ദിനാൾമാർക്കും ബിഷപ്പുമാർക്കും യുവജന പ്രതിനിധികൾക്കും തങ്ങളുടെ ദേശത്തെ യുവജനങ്ങളെ സംബന്ധിച്ച പ്രവർത്തനങ്ങളെ വളരെ സൂഷ്മമായി അവതരിപ്പിക്കുവാനുള്ള അവസരമായിരുന്നു അത്. ഓരോരുത്തർക്കും നാലുമിനിട്ടു വീതമാണ് ലഭ്യമായിരുന്നത്. തുടർന്ന് ഓരോ അവതരണത്തിന് ശേഷവും മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള നിർദ്ദേശാവതരണവുമായിരുന്നു ക്രമീകരണം.

അഭിവന്ദ്യ സെബാസ്റ്റ്യൻ പിതാവ് ലഭ്യമായ സമയം വളരെ വ്യക്തമായി നിലപാട് അവതരിപ്പിക്കുവാൻ ഉപയോഗിച്ചുവെന്നത് ശ്രദ്ധിക്കപ്പെടുകയുണ്ടായി. കേരള സഭയിൽ, പ്രത്യേകിച്ച് ലത്തീൻ കത്തോലിക്കാ സഭയിൽ യുവജനങ്ങൾക്കു നല്കുന്ന പ്രാധാന്യവും, ഇടവക - രൂപതാതല പ്രവർത്തനങ്ങളിൽ യുവജനത്തിന് നൽകുന്ന അംഗീകാരവും വ്യക്തമായി പിതാവ് അവതരിപ്പിച്ചു. വളരെ വ്യത്യസ്തതയോടെ മുന്നോട്ടുവച്ച ഒരു കാര്യം വൈദിക പരിശീലന കാലഘട്ടത്തിൽ അതായത് തത്വശാസ്ത്രപഠനകാലഘട്ടത്തിൽ വൈദിക വിദ്യാർത്ഥികൾക്ക് യുവജന കാലഘട്ടത്തെപ്പറ്റി വ്യക്തതയോടും സുതാര്യതയോടും കൂടി മനസ്സിലാക്കുവാൻ പാകത്തിലുള്ള ബൗദ്ധികവും മാനസികവുമായ വികാസവും പക്വതയും ആർജിക്കുന്നതിനുതകുന്ന അക്കാദമിക്ക് സാദ്ധ്യതകൾ ഉണ്ടാക്കണമെന്നുള്ളതാണ്. വലിയ കരഘോഷത്തോടുകൂടിയാണ് പിതാവിന്റെ അവതരണത്തെ സിനഡ് സ്വീകരിച്ചത്.

# 2018 ഡിസംബർ 30 ബൈബിൾ ഞായർ
# കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മാംസംധരിച്ച വചനമായ യേശുവിനെ എതിരേല്ക്കാനുള്ള ഒരുക്കത്തിലാണ് നാമെല്ലാം. അവിടുത്തെ രക്ഷയുടെ സന്ദേശം ഏറ്റുവാങ്ങി, നാം ജീവിക്കുന്ന സമൂഹത്തിൽ ഈ സദ്വാർത്തയുടെ പ്രേഷിതരായിത്തീരാൻ യേശു നമ്മെ ക്ഷണിക്കുന്നു. തിരുപ്പിറവിയുടെ ആഘോഷം, ദൈവമക്കളായ നാം വിശുദ്ധിയിലേക്കു വളരണമെന്ന ഓർമപ്പെടുത്തൽകൂടിയാണ്. മനുഷ്യാവതാരത്തിലൂടെ വിശുദ്ധിതന്നെയായ ദൈവം നമ്മിൽ ഒരുവനാകുക മാത്രമല്ല, വിശുദ്ധിയിലേക്കുള്ള വാതിൽ നമുക്കായി മലർക്കേ തുറന്നിടുക കൂടിയാണ് ചെയ്യുന്നത്. വിശുദ്ധിയിലേക്കുള്ള ക്രിസ്തുശിഷ്യന്റെ യാത്രയിലെ മാർഗദീപമാണ് ബൈബിൾ. ഓരോ വിശ്വാസിയും വിശുദ്ധിയിലൂടെ മുന്നേറുന്നതിന് പ്രായോഗികവും ലളിതവുമായ മാർഗങ്ങൾ നിർദേശിക്കുന്ന ഫ്രാൻസിസ് പാപ്പയുടെ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക ആഹ്വാനത്തിന്റെ പശ്ചാത്തലത്തിൽ *വിശുദ്ധഗ്രന്ഥവും വിശുദ്ധിയും* നമ്മുടെ പരിചിന്തനത്തിനു വിഷയമാക്കാം.

**പരിശുദ്ധനായ ദൈവവും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ട ജനവും**

ബൈബിളിൽ ദൈവത്തിന്റെ സ്വഭാവം വിവരിക്കുന്ന ഏറ്റവും പ്രധാന വിശേഷണമാണ് 'പരിശുദ്ധനായവൻ'. സിംഹാസനത്തിൽ ഉപവിഷ്ടനായ കർത്താവിനു ചുറ്റും നില്ക്കുന്ന സെറാഫുകൾ 'പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ' എന്ന് ഉദ്ഘോഷിക്കുന്നത് ഏശയ്യാപ്രവാചകൻ ദർശനത്തിൽ കാണുന്നുണ്ട് (ഏശ 6,3; cf. വെളി 4,8). 'പരിശുദ്ധനായവൻ' എന്നാണ് യേശു തന്റെ അന്തിമപ്രഭാഷണത്തിൽ പിതാവിനെ വിളിക്കുന്നതും (യോഹ 17,11). ദൈവസുതനായ യേശുവിനും പുതിയ നിയമം ഈ വിശേഷണംതന്നെയാണ് നല്കുന്നത്. യേശുവാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ശിമയോൻ പത്രോസിന്റെ അധരങ്ങളിലൂടെ ദൈവവചനം സാക്ഷ്യപ്പെടുത്തുന്നു (യോഹ 6,69). സഭകളിൽ സന്നിഹിതനായിരിക്കുന്ന ഉത്ഥിതനായ യേശുവിനെ 'പരിശുദ്ധനും സത്യവാനു'മെന്ന് യോഹന്നാൻ വിശേഷിപ്പിക്കുന്നു (വെളി 3,7). ത്രിത്വത്തിലെ മൂന്നാമത്തെ ആളിനെ പുതിയനിയമം വിളിക്കുന്നതും 'പരിശുദ്ധാത്മാവ്' എന്നാണല്ലോ (മത്താ 1,18; മർക്കോ 1,8; ലൂക്കാ 1,15; യോഹ 20,22). പരിശുദ്ധിതന്നെയായ ത്രിയേകദൈവത്തിന്റെ രഹസ്യത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ വിശുദ്ധഗ്രന്ഥം നമ്മെ സഹായിക്കുന്നു.

ദൈവത്തിന്റെ ഏറ്റവും പ്രധാന സ്വഭാവം പരിശുദ്ധിയാണെങ്കിൽ, ഈ വിശുദ്ധിയിൽ എത്തിച്ചേരുകയാണ് ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ലക്ഷ്യം. പരിശുദ്ധിതന്നെയായ ദൈവത്തിന്റെ സ്വന്തം ജനം വിശുദ്ധിയിൽ വ്യാപരിക്കണമെന്ന സന്ദേശം ബൈബിളിൽ നിറഞ്ഞുനില്ക്കു

ന്നു. കർത്താവായ ദൈവം ഇസ്രായേൽജനത്തോട് അരുൾചെയ്യുന്നു: "നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. എന്തെന്നാൽ, നിങ്ങളുടെ കർത്താവും ദൈവവുമായ ഞാൻ പരിശുദ്ധനാണ്" (ലേവ്യ 19,2). ദൈവം തന്റെ ജനത്തിന്റെ മധ്യേ വസിക്കുന്നതിനാൽ അവർ വിശുദ്ധജനമായിരിക്കണമെന്ന് നിയമാവർത്തനഗ്രന്ഥവും പറയുന്നു (നിയ 7,6; 26,19; ജറെ 2,3).

പുതിയനിയമത്തിലേക്കു വരുമ്പോൾ, ദൈവജനത്തിന്റെ വിശുദ്ധിക്ക് പുതിയൊരു മാനം സിദ്ധിക്കുന്നു. മനുഷ്യാവതാരത്തിലൂടെ നമ്മിലൊരുവനായിത്തീർന്ന യേശുക്രിസ്തുവിലാണ് പുതിയ വിശുദ്ധജനം രൂപവത്കരിക്കപ്പെടുന്നത് (അപ്പ 4,30.31). നാമെല്ലാം യേശുക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരുമാണെന്ന് പൗലോസ്ശ്ലീഹാ കോറിന്തോസിലെ സഭാതനയർക്കെഴുതുന്നു (1 കോറി 1,2). ക്രിസ്തുവിൽ രൂപവത്കരിക്കപ്പെട്ട വിശ്വാസിസമൂഹത്തെ പത്രോസ്ശ്ലീഹാ വളരെ ചേതോഹരമായി വിശേഷിപ്പിക്കുന്നു: "നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനതയുമാണ്" (1 പത്രോ 2,9). യേശുവിൽ വിശ്വസിക്കുന്നതുവഴി ദൈവമക്കളാകാൻ കഴിവുലഭിക്കുന്നവരുടെ (യോഹ 1,12) മുഖമുദ്രയാണ് വിശുദ്ധി.

**ദൈവജനം വിശുദ്ധിയുടെ പാതയിൽ**

വിശുദ്ധി തന്നെയായ ദൈവം ഉടമ്പടിയിലൂടെ സ്വന്തമാക്കുന്ന ജനത്തെ (പുറ 24,4-8) വിശുദ്ധിയിലേക്കു വിളിക്കുകയും നയിക്കുകയും ചെയ്യുന്നതിന്റെ വിവരണങ്ങൾ ബൈബിളിൽ നിറഞ്ഞുനില്ക്കുന്നു. വിശുദ്ധരുടെ ജീവിതകഥകൾ എന്നതിനെക്കാൾ ദൈവജനത്തെ വിശുദ്ധരാക്കിത്തീർക്കുന്നതിന്റെ വിവരണങ്ങളെന്ന് ബൈബിളിനെ വിളിക്കുന്നതാണ് ഉത്തമം. വിശുദ്ധഗ്രന്ഥത്തിലെ വലിയ കഥാപാത്രങ്ങൾ എന്നു നാം വിളിക്കുന്നവരുടെ ജീവിതത്തിലെ വീഴ്ചകളും കുറവുകളും ഇതിൽ പരാമർശിക്കപ്പെടുന്നു. പക്ഷേ, ജീവിതത്തിലെ ഈ ന്യൂനതകളെയെല്ലാം അതിജീവിച്ച്, വിശുദ്ധിയുടെ പാതയിലൂടെ അവർ മുന്നേറുന്നത് ബൈബിൾ നമ്മുടെ മുന്നിൽ ചിത്രീകരിക്കുന്നു.

വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെ കഥ ഇതിന് ഉത്തമോദാഹരണമാണ്. 'നീ ഒരു അനുഗ്രഹമായിരിക്കും' (ഉത്പ 12,2) എന്ന ദൈവികാശീർവാദം ലഭിക്കുന്ന അബ്രാഹം പിന്നീട് ദൈവത്തിന്റെ വഴികളിൽനിന്ന് ഇടറിമാറുന്നത് നാം കാണുന്നുണ്ട്. സ്വന്തം ജീവൻ രക്ഷിക്കാൻവേണ്ടി ഫറവോയുടെ മുന്നിൽ സാറാ സഹോദരിയാണെന്നു പറയാൻ അബ്രാഹം ആവശ്യപ്പെടുന്നു (ഉത്പ 12,11-16). വഞ്ചനയിലൂടെ സഹോദരന്റെ അവകാശം തട്ടിയെടുക്കുന്ന യാക്കോബിനെയും (ഉത്പ 27,18-29) ബൈബിൾ ചിത്രീകരിക്കുന്നുണ്ട്. ദൈവത്തിന്റെ കരുണയുടെ അരുവിയിലാണ് ഇവരുടെ കളങ്കങ്ങൾ കഴുകിക്കളയപ്പെടുന്നത്. 'അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവ'മെന്ന് സുവിശേഷങ്ങൾ പറയുമ്പോൾ (മത്താ 22,32; മർക്കോ 12,26; ലൂക്കാ 20,37) ദൈവം ഈ പൂർവപിതാക്കന്മാരുടെ കുറവുകൾ കഴുകി വിശുദ്ധീകരിച്ച് അവരെ തന്റെ മഹത്ത്വത്തിൽ പങ്കുകാരാക്കി എന്നർഥം. 'സ്നേഹിതനോടെന്നപോലെ കർത്താവു മുഖാഭിമുഖം സംസാരിച്ചിരുന്നു' (പുറ 33,11) എന്ന് പിന്നീട് വിശേഷിപ്പിക്കപ്പെടുന്നവനാണ് മോശയെങ്കിലും അദ്ദേഹത്തിന്റെ ജീവിതത്തിലെ കുറവുകൾ വിശുദ്ധഗ്രന്ഥം മറച്ചുവയ്ക്കുന്നില്ല. ഒരു ഈജിപ്തുകാരനെ വധിച്ചവനും

(പുറ 2,12) വാക്ചാതുരിയില്ലെന്ന ന്യായംനിരത്തി ദൈവത്തിന്റെ വിളി സ്വീകരിക്കാൻ വിമുഖത പ്രകടിപ്പിക്കുന്നവനുമാണ് (ഉത്പ 4,10) മോശ. ബൈബിളിലെ ഏറ്റവും മനോഹരങ്ങളായ വിവരണങ്ങളിൽ ഒന്നാണ് ദൈവത്തിൽനിന്ന് ഓടിയകലുന്ന യോനാ പ്രവാചകന്റെ കഥ (യോനാ 1,3). ജീവിതത്തിലെ വീഴ്ചകളിൽനിന്നെല്ലാം എഴുന്നേറ്റ്, കർത്താവിന്റെ വഴികളിലൂടെ ചരിച്ച് ഇവരും ബൈബിളിലെ വിശുദ്ധിയുടെ ഉദാത്ത മാതൃകകളായിത്തീരുന്നു.

പുതിയനിയമത്തിലും ഇതിനു സമാനങ്ങളായ വിവരണങ്ങളുണ്ട്. ബലഹീനതകളുടെ മനുഷ്യനായാണ് ശിഷ്യഗണത്തിൽ പ്രധാനിയായ പത്രോസ്ശ്ലീഹാ സുവിശേഷങ്ങളിൽ ഉടനീളം അവതരിപ്പിക്കപ്പെടുന്നത് (മത്താ 14,30; മർക്കോ 8,33; ലൂക്കാ 22,57.58.60). വിജാതീയരുടെ അപ്പസ്തോലനായ പൗലോസിനെ നാം കാണുന്നതിനുമുമ്പ് (അപ്പ 13,47) സഭയെ ഉപദ്രവിച്ചിരുന്ന സാവൂളിനെയാണ് കണ്ടുമുട്ടുന്നത് (അപ്പ 8,3). പക്ഷേ, ഇവർ ദൈവകൃപയോടു സഹകരിക്കുന്നതുവഴി വിശുദ്ധിയുടെ പടവുകൾ നടന്നുകയറുന്നതു നാം ബൈബിളിൽ വായിക്കുന്നു. മാനുഷികബലഹീനതകളുടെ ഊടുവഴിയിലൂടെ വിശുദ്ധിയിലേക്കുള്ള നമ്മുടെ യാത്രയിൽ നമുക്ക് ആശ്വാസവും ശക്തിയും പകരുന്നതാണ് ഈ വിശുദ്ധഗ്രന്ഥവിവരണങ്ങൾ.

ദൈവത്തിന് നമ്മെക്കുറിച്ചുള്ള പദ്ധതി നമ്മുടെ വിശുദ്ധീകരണം തന്നെയാണ് (1 തെസ്സ 4,3). യേശുവാകുന്ന അടിത്തറയിൽ (1 കോറി 3:11) നമ്മുടെ ജീവിതം പണിതുയർത്തുകയെന്നതാണ് വിശുദ്ധിയെങ്കിൽ, യേശുക്രിസ്തുവിനെ അടുത്തറിയുകയാണ് നാമോരോരുത്തരും ലക്ഷ്യംവയ്ക്കേണ്ടത്. ബൈബിളിനെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതതന്നെയാണെന്ന വി. ജെറോമിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ക്രൈസ്തവ ജീവിതത്തിൽ ബൈബിൾ വായനയ്ക്ക് എത്രമാത്രം പ്രാധാന്യം കൊടുക്കണമെന്ന് ഇതു വ്യക്തമാക്കുന്നു. വിശുദ്ധിയിലേക്കു വളരാൻ സുവിശേഷങ്ങളിലെ യേശുവിന്റെ വചനങ്ങളിലേക്ക് നിരന്തരം തിരിയണമെന്ന് 'ആഹ്ലാദിച്ച് ആനന്ദിക്കുവിൻ' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഫ്രാൻസീസ്പാപ്പ ഉദ്ബോധിപ്പിക്കുന്നുണ്ട് (GE 109). വിശുദ്ധിയുടെ അടയാളങ്ങൾ സൂചിപ്പിക്കാൻ പരിശുദ്ധപിതാവ് ബൈബിളിലേക്കു തന്നെയാണ് തിരിയുന്നത്. ക്രൈസ്തവജീവിതത്തിൽ ബൈബിൾ വായനയ്ക്കും പഠനത്തിനും എത്രമാത്രം പ്രാധാന്യമുണ്ടെന്ന് ഇതു വ്യക്തമാക്കുന്നു. ബൈബിൾപാരായണം വിശുദ്ധിയിലേക്കുള്ള യാത്രയിൽ നമ്മെ നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. യേശുവിന്റെ വചനം ഹൃദയത്തിൽ സംഗ്രഹിക്കുകയും (ലൂക്കാ 2,51) യേശുവിനെ കുരിശിൻചുവടുവരെ അനുഗമിക്കുകയും ചെയ്ത (യോഹ 19,25) പരിശുദ്ധ മറിയം നമുക്കെല്ലാം മാതൃകയാണ്.

**കേരളസഭയും വിശുദ്ധിയിലേക്കുള്ള യാത്രയും**

കേരളസഭയെ വിശുദ്ധിയുടെ പാതയിലൂടെ നയിക്കുന്നതിൽ ദൈവവചനശുശ്രൂഷയ്ക്കുള്ള പങ്ക് നിസ്തുലമാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളിലൂടെ ദൈവവചനം സഭാമക്കളുടെ ജീവിതത്തിന്റെ അടിത്തറയാക്കി മാറ്റാൻ പരിശ്രമിക്കുന്നുണ്ട്.

ബൈബിൾ ഓരോ വിശ്വാസിക്കും ലഭ്യമാക്കുക എന്നത് വചനശുശ്രൂഷ യുടെ മുഖ്യ ധർമമാണല്ലോ.കേരളം നേരിട്ട ഭയാനകമായ പ്രളയദുരന്തത്തി നുശേഷം അനേകായിരം കുടുംബങ്ങൾക്കാണ് എല്ലാം വെള്ളത്തിൽ മുങ്ങി പ്പോയതിന്റെകൂടെ ബൈബിളും നഷ്ടമായത്. ദുരിതാശ്വാസകേന്ദ്രങ്ങ ളിൽനിന്ന് നിരന്തരമായി വന്ന ഒരഭ്യർഥന, വീടുകളിലേക്കു തിരികെ പോകു ന്നവർക്കു കൊടുത്തുവിടാൻ ബൈബിൾ എത്തിക്കുകയെന്നതായിരുന്നു. പി. ഒ.സി.ക്കായി അച്ചടിച്ചുവച്ചിരുന്ന അനേകായിരം ബൈബിളുകൾ മാത്രമല്ല, അച്ചടിശാലയും ഈ വെള്ളപ്പൊക്കത്തിൽ നശിച്ചുപോയതിനാൽ ബൈബി ളുകൾ ആവശ്യക്കാർക്ക് ഉടൻതന്നെ എത്തിക്കാൻ സാധിച്ചില്ലെങ്കിലും ഈ യജ്ഞം പൂർത്തിയാക്കാൻ ബൈബിൾ കമ്മീഷൻ തീവ്രമായി ശ്രമിച്ചുകൊ ണ്ടിരിക്കുന്നു. രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റ് കേന്ദ്രങ്ങൾവഴി ഇവർക്കെല്ലാം കഴിയുന്നത്ര സൗജന്യമായി ബൈബിൾ നല്കുകയെന്ന താണ് കമ്മീഷൻ ലക്ഷ്യമിട്ടിരിക്കുന്നത്. നിരവധി വ്യക്തികളും സംഘടന കളും ഈ പദ്ധതിക്കു സഹായഹസ്തങ്ങൾ നീട്ടുന്നു എന്നത് നന്ദിയോടെ സ്മരിക്കുന്നു.

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ഏതാനും വർഷങ്ങളായി, നില വിലുള്ള പി.ഒ.സി. ബൈബിൾ, മൂലഗ്രന്ഥങ്ങൾ ആധാരമാക്കി പരിഷ്ക രിക്കുന്ന ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. പി.ഒ.സി.യിൽ താമസിച്ച് സേവനമനുഷ്ഠിക്കുന്ന ആറു ബൈബിൾപണ്ഡിതരെയും അവരുമായി സഹ കരിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ബൈബിൾ കമ്മീഷൻ പരിഷ്കരിച്ച പുതിയനിയമത്തിലെ ആദ്യഭാഗം 'പഠനബൈബിൾ: സുവി ശേഷങ്ങൾ' എന്ന പേരിൽ പി.ഒ.സി. 2018 ജൂൺമാസം പ്രസിദ്ധീകരിച്ചു. വ ചനം ആഴത്തിൽ മനസ്സിലാക്കാനും ആത്മീയമായി വളരാനും ഈ പഠന ബൈബിൾ ഏറെ ഉപകരിക്കും.

ഇളംപ്രായംമുതൽ ദൈവവചനം വായിക്കാനും പഠിക്കാനും സ്നേഹി ക്കാനും വഴിയൊരുക്കുന്ന ലോഗോസ് ക്വിസ് കേരളസഭയുടെ അഭിമാനമാ ണ്. ചെറുപ്പത്തിൽത്തന്നെ നമ്മുടെ മക്കൾ വളർത്തിയെടുക്കുന്ന ദൈവവ ചനത്തോടുള്ള സ്നേഹം അവരെ വിശുദ്ധിയുടെ പാതയിലൂടെ നടത്തുമെ ന്നതിനു സംശയമില്ല. സുവിശേഷവത്കരണത്തിനുള്ള ഏറ്റവും ഫലപ്രദ മായ മാർഗമായി കേരളത്തിനു പുറത്തുള്ള രൂപതകൾ ഈ മോഡൽ സ്വീക രിക്കാൻ താത്പര്യപ്പെടുന്നു എന്നത് ഏറെ സന്തോഷകരമാണ്. ബധിരർക്കായും ഈ വർഷം ലോഗോസ്ക്വിസ് നടത്തുകയുണ്ടായി. ശാരീ രിക വൈകല്യങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റപ്പെടു ന്നവർക്ക് കൂടുതൽ പരിഗണന നല്കാൻ ഇതു പ്രചോദനമേകുമെന്നു പ്രത്യാ ശിക്കുന്നു.

ബൈബിൾ ആഴത്തിൽ മനസ്സിലാക്കാൻ നിരവധിപേർ ആഗ്രഹിക്കുന്നതു കണക്കിലെടുത്ത്, പല രൂപതകളും ബൈബിൾകോഴ്സുകൾ സംഘടിപ്പി ക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. സ്വന്തമായി ബൈബിൾ പഠിക്കാൻ ആഗ്രഹിക്കുന്നവരെ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പി ക്കുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ ചേരാൻ പ്രോത്സാഹി പ്പിക്കണം. വിശ്വാസജീവിതം ശക്തിപ്പെടുത്താനും വിശുദ്ധിയുടെ പാതയി ലൂടെ മുന്നേറാനും ഇത് ഏറെ സഹായിക്കും.

മാംസംധരിച്ച വചനമായ യേശുവിന്റെ തിരുപ്പിറവിക്കായി ഒരുങ്ങുന്ന

ഡിസംബർമാസം കേരളസഭ വചനപാരായണ മാസമായി ആചരിക്കുന്നു. എല്ലാ കുടുംബങ്ങളിലും ഡിസംബർമാസം ബൈബിൾ പ്രതിഷ്ഠനടത്തുകയും ദിവസവും കുടുംബപ്രാർഥനയ്ക്കിടയ്ക്ക് ബൈബിൾ വായിക്കുകയും ചെയ്യേണ്ടതാണ്. അതുപോലെതന്നെ, ഓരോ ഇടവകയിലും ഈ മാസത്തിൽ ബൈബിൾപ്രതിഷ്ഠ നടത്തുകയും ഒരു ദിവസമെങ്കിലും അഖണ്ഡവചന പാരായണം നടത്തുകയും ചെയ്യണം. ബൈബിൾകമ്മീഷൻ തയ്യാറാക്കിയിരിക്കുന്ന ബൈബിൾപാരായണ കലണ്ടർ ഉപയോഗപ്പെടുത്തി ഈ മാസം സമ്പൂർണബൈബിൾ പാരായണം സംഘടിപ്പിക്കുന്നതും പ്രോത്സാഹിപ്പിക്കപ്പെടണം. കേരളത്തിൽ വിവിധയിടങ്ങളിൽ ഏതാനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റുകളുടെ നേതൃത്വത്തിൽ വിപുലമായ അഖണ്ഡബൈബബിൾ പാരായണയജ്ഞങ്ങൾ സംഘടിപ്പിക്കുന്നതിനെ അഭിനന്ദിക്കുകയും ഈ മാതൃക മറ്റെല്ലാവരും പിഞ്ചെല്ലണമെന്ന് അഭ്യർഥിക്കുകയും ചെയ്യുന്നു. ദൈവവചനപാരായണത്തിന് കേരളകത്തോലിക്കാ മെത്രാൻസമിതി പ്രത്യേകം നിഷ്കർഷിച്ചിരിക്കുന്ന ഈ മാസം കേരളത്തിലുടനീളം ദൈവവചനത്തിന്റെ അലയടികൾ മുഴങ്ങട്ടെ. സമ്പുർണ ബൈബിൾവായനയിൽ പങ്കുചേർന്ന്, യേശുവിനെ കൂടുതൽ അടുത്തറിയാനും സ്നേഹിക്കാനും വിശുദ്ധിയിൽ വളരാനും ഏവർക്കും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

. കേരളകത്തോലിക്കാസഭ ബൈബിൾ ഞായറായി ആചരിക്കുന്ന ഡിസംബർ 30-ാം തീയതി നിങ്ങൾ നല്കുന്ന സംഭാവന രൂപതകളുടെയും കെ.സി.ബി.സി.യുടെയും ബൈബൾപ്രേഷിതപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. രൂപതാബൈബിൾ അപ്പോസ്തലേറ്റിനും കെ.സി.ബി.സി. ബൈബിൾ കമ്മീഷനുംവേണ്ടിയുള്ള ഈ സംഭാവന രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. വചനം മാംസംധരിച്ച യേശുവിനെ അനുഗമിച്ച് വിശുദ്ധിയിൽ വളരാൻ ആഹ്വാനംചെയ്തുകൊണ്ടും തിരുപ്പിറവിയുടെ അനുഗ്രഹങ്ങൾ ഏവർക്കും നേർന്നുകൊണ്ടും,

സ്നേഹത്തോടെ,

**ബിഷപ് ഡോ. എബ്രഹാം മാർ യൂലിയോസ്**
*ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ*

**ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
*വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ*

**ബിഷപ് ഡോ. പീറ്റർ അബീർ അന്തോണിസ്വാമി**
*വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ*

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: *2018 നവംബർ 25-ാം തീയതിയോ തുടർന്നുള്ള ഞായറാഴ്ചയോ ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

## മോൺ. അലക്സാണ്ടർ ലന്തപ്പറമ്പിൽ : 50-ാം ചരമവാർഷികം



**കോ**ട്ടയം നല്ലയിടയൻ പള്ളിയോടനുബന്ധിച്ചുണ്ടായിരുന്ന വൈദിക മന്ദിരം റോമിൽ നിന്നുള്ള അനുവാദപ്രകാരം 1909-ൽ ഒരു കർമ്മലീത്താ ആശ്രമമായി മാറി. അതേ തുടർന്ന് 1911-ൽ പള്ളിയ്ക്ക് തൊട്ടടുത്തുള്ള സ്ഥലത്ത് രൂപതാ വൈദീകർക്ക് വേണ്ടി ഫാ. അലക്സാണ്ടർ ലന്തപ്പറമ്പിൽ നിർമ്മിച്ച വൈദിക മന്ദിരമാണ് പിന്നീട് നവീകരിക്കപ്പെട്ട് വിജയപുരം രൂപതയുടെ സ്ഥാപനശേഷം ബിഷപ്സ് ഹൗസായി മാറിയത് എന്നത് സ്മരണീയമാണ്. കോട്ടയം മിഷനിൽ ശുശ്രൂഷ ചെയ്ത ലന്തപ്പറമ്പിലച്ചന് വിജയപുരം രൂപതാ സമൂഹത്തോട് വലിയ സ്നേഹമാണുണ്ടായിരുന്നത്. വരാപ്പുഴ ആർച്ച് ബിഷപ്പ്സ് ഹൗസ് വളപ്പിൽ സായാഹ്ന സവാരി നടത്തിയിരുന്ന മോൺ. ലന്തപ്പറമ്പിലിന് 1968-ലെ ഒരു ദിനത്തിൽ ഉണ്ടായ അപ്രതീക്ഷിതമായ ഒരു വീഴ്ചമൂലം ഏറെ ഗുരുതരമായ പരിക്കുപറ്റി. തുടർന്ന് ലൂർദ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട അദ്ദേഹം പ്രോ- വികാരി ജനറാളായിരുന്ന ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കലിനെ കാണണമെന്ന് ആഗ്രഹമറിയിച്ചു. ഉടൻ എത്തിയ ഡോ. കൊർണേലിയൂസിന് ലന്തപ്പറമ്പിലച്ചൻ നൽകിയ അന്ത്യാഭിലാഷം 'വിജയപുരം കൈ വിട്ടുകളയരുതെ' എന്നതാണ്. ഇതായിരുന്നു അദ്ദേഹം ഈ ലോകജീവിതത്തിൽ അവസാനമായി പറഞ്ഞവാക്ക്. മോൺ. ലന്തപ്പറമ്പിലിന്റെ അന്ത്യവാക്ക് സത്യമായി തീർന്ന പ്രവചനമായിരുന്നു. തുടർന്ന് 1971-ൽ ഡോ. കൊർണേലിയൂസ് വിജയപുരത്തിന്റെ പ്രഥമ തദ്ദേശീയ മെത്രാനായി ഉയർത്തപ്പെട്ടു. കൊർണേലിയൂസ് പിതാവ് തന്നെ തന്റെ ആത്മകഥയിൽ ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. ആറര പതിറ്റാണ്ട്കാലം വൈദീക ശുശ്രൂഷ നിർവ്വഹിച്ച മോൺ. അലക്സാണ്ടർ ലന്തപ്പറമ്പിൽ 93-ാം വയസ്സിൽ 1968 സെപ്റ്റംബർ 27-ന് ദിവംഗതനായി. ലന്തപ്പറമ്പിലച്ചന്റെ ഏറെ ധന്യമായ സ്മരണകൾക്ക് പ്രണാമം.

(രതീഷ് ഭജനമഠം, ആലപ്പുഴ.)




## ജന്മദിനാശംസകൾ

**നവംബർ**

03 Fr. George Peedikaparambil
03 Fr. Varghese Alumkal
05 Fr. Pius Kudakassery
14 Fr. Joseph Meenaikkodath
17 Fr. Tom Jose
22 Fr. Mathew Lazar Villukulam
29 Fr. Anosh Poovakattutharapel
30 Fr. Cleetus Kathirparambil

# സി.സി.ബി.ഐ.
# മതബോധന ദേശീയ സെമിനാർ



**ഈ** വർഷത്തെ മതബോധന ദേശീയ സെമിനാർ 2018 സെപ്റ്റംബർ 11 മുതൽ 13 വരെ ജലന്ധർ രൂപതയിൽ വച്ച് നടത്തപ്പെട്ടു. **യുവജന മതബോധനം ഇന്ത്യൻ സഭയിൽ** എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു ക്ലാസുകളും ചർച്ചകളും നടത്തപ്പെട്ടത്.

സെമിനാറിന്റെ ആദ്യദിനമായ സെപ്റ്റംബർ 11-ാം തീയതി രാവിലെ 9 മണിക്ക് ഡൽഹി അതിരൂപാദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് അനിൽ തോമസ് കുട്ടോ ദിവ്യബലി അർപ്പിച്ചു. തുടർന്ന് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ മതബോധന ദേശീയ ചെയർമാൻ ആർച്ച് ബിഷപ്പ് തോമസ് മക്വാന്റെ അദ്ധ്യക്ഷതയിൽ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കൽ സെമിനാറിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

ആദ്യ സെഷനിൽ ഒക്ടോബർ 3 മുതൽ 28 വരെ റോമിൽ വച്ച് നടത്തപ്പെടുന്ന സിനഡ് വിഷയമായ "യുവജനങ്ങളും വിശ്വാസവും ദൈവവിളിപരമായ വിവേചിച്ചറിയലും" എന്ന വിഷയത്തെ ആസ്പദമാക്കി റവ.ഫാ. ഗിൽബർട്ട് ചൂണ്ടാൽ എസ്.ഡി.ബി. ക്ലാസ് നയിച്ചു. രണ്ടാമത്തെ സെഷനിൽ മതബോധനം, ലക്ഷ്യം, ഉദ്ദേശ്യങ്ങൾ, യൂത്ത് മിനിസ്ട്രി എന്ന വിഷയത്തെ ആസ്പദമാക്കി റവ.ഫാ. വിജയ് മച്ചാഡോ ക്ലാസ് എടുത്തു. ഈ ക്ലാസിലൂടെ യുവജനങ്ങളെ വിശ്വാസ ജീവിതത്തിലേക്കും ദൈവത്തിലേക്കും നയിക്കുന്നതിനുള്ള വിവിധ മേഖലകളും സാദ്ധ്യതകളും ചർച്ച ചെയ്യപ്പെട്ടു.

മൂന്നാമത്തെ സെഷൻ നയിച്ചത് റവ.ഫാ. ചേതൻ മച്ചാഡോ ആയിരുന്നു. രൂപതകളിലും ഇടവകകളിലും ഫലപ്രദമായ രീതിയിൽ യുവജനദിനാചരണം നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അതിന്റെ സാദ്ധ്യതകളെക്കുറിച്ചും വെല്ലുവിളികളെക്കുറിച്ചും അദ്ദേഹം വിശദീകരിക്കുകയുണ്ടായി.

സെമിനാറിന്റെ രണ്ടാംദിനം സെപ്റ്റംബർ 12-ാം തീയതി ആർച്ച് ബിഷപ്പ് തോമസ് മക്വാൻ ദിവ്യബലിയർപ്പിച്ചു. തുടർന്ന് നടന്ന സെഷനിൽ യുവജനമതബോധനം ഫലപ്രദമായി നടത്തുന്നതിനുള്ള മാർഗ്ഗങ്ങൾ എന്ന വിഷയത്തെക്കുറിച്ച് മുംബൈ അതിരൂപത മതബോധന സെക്രട്ടറി റവ.ഫാ. വിൻസെന്റ് ഡി ക്രൂസ് ക്ലാസ് നയിച്ചു.

ഉച്ചയ്ക്കു ശേഷം യുവജനപ്രതിനിധികളുമായിട്ടുള്ള പാനൽ ചർച്ച നട

ന്നു. സഭയെക്കുറിച്ചും സഭാശുശ്രൂഷകരെക്കുറിച്ചും വിശ്വാസത്തെക്കുറിച്ചുമുള്ള കാഴ്ചപ്പാടുകൾ യുവജനങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

സമാപനദിവസമായ സെപ്റ്റംബർ 13-ാംതീയതി ദിവ്യബലിയർപ്പണത്തിനുശേഷം മതബോധന റീജിയണൽ സെക്രട്ടറിമാർ കഴിഞ്ഞവർഷം ഓരോ റീജിയണുകളിലും നടത്തിയ മതബോധന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. കേരള റീജിയനെ പ്രതിനിധീകരിച്ച് റവ.ഫാ. ജോയി പുത്തൻവീട്ടിൽ റിപ്പോർട്ട് അവതരിപ്പിക്കുകയുണ്ടായി.

തുടർന്ന് നടന്ന സമാപന സമ്മേളനത്തിൽ ബിഷപ്പ് തോമസ് മക്വാൻ അദ്ധ്യക്ഷത വഹിച്ചു. വ.ഫാ. ജയിംസ് ആമക്കാട്ട്, സി. മേരി ജ്യോതിസ് ഡി.ഐ.എച്ച്, യുവജനപ്രതിനിധി എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. സി.സി.ബി.ഐ. കാറ്റക്കെറ്റിക്കൽ നാഷണൽ സെക്രട്ടറി റവ.ഫാ. ഡുമിംങ്ങ് ഗോൺസാൽവസ് സെമിനാറിന്റെ അവലോകനം നടത്തി. റവ. ഫാ. വലേറിയൻ ലോബോയുടെ നന്ദി പ്രകാശനത്തോടെ സെമിനാറിന് സമാപനം കുറിച്ചു. 77 രൂപതകളിൽ നിന്നായി 127 പേർ കോൺഫ്രൻസിൽ പങ്കെടുത്തു. നമ്മുടെ രൂപതയിൽ നിന്ന് മതബോധന ഡയറക്ടർ റവ.ഫാ. വർഗ്ഗീസ് കോട്ടയ്ക്കാട്ട്, സി. മേരി അംബിക, സി. മേരി ജ്യോതിസ് എന്നിവർ പങ്കെടുത്തു.

## വിമലഗിരി കത്തീഡ്രലിൽ അഖണ്ഡ ജപമാല



**ജ**പമാല രാജ്ഞിയുടെ തിരുനാൾ ദിനമായ ഒക്ടോബർ 7ന് വിമലഗിരി കത്തീഡ്രലിൽ അഖണ്ഡജപമാലയജ്ഞം സാഘോഷം നടത്തി. ദിവ്യബലിയർപ്പണത്തിനുശേഷം, തടിയിൽ കൊത്തി നിർമ്മിച്ചതും 210 മീറ്റർ നീളമുള്ളതുമായ 203 മണി ജപമാല റെക്ടർ മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ ആശീർവദിച്ചു പ്രതിഷ്ഠിച്ചതോടെയാണ് വൈകുന്നേരം 7 മണിവരെ നീണ്ട ജപമാലയജ്ഞം സമാരംഭിച്ചത്. ഇൻഫന്റ് ജീസസ് മൈനർ സെമിനാരി വിദ്യാർത്ഥികൾ കത്തീഡ്രലിന്റെ മധ്യത്തിൽ ആഘോഷമായി ജപമാല സ്ഥാപിച്ചു. തുടർന്ന് വിവിധ സന്യാസഭവനങ്ങളുടെയും സംഘടനകളുടെയും വൈദികരുടെയും നേതൃത്വത്തിൽ തുടർച്ചയായി ജപമാലയർപ്പണം നടത്തി. റെക്ടർ മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ, അസോ. റെക്ടർ റവ.ഫാ. ജോൺ വിയാനി, ബഹു. ജോൺ കുന്നത്തുകുഴി, മോൺ. മാത്യു മുട്ടത്താഴത്ത്, മാത്യു കല്ലാനിരപ്പേൽ, ജോസഫ് കളത്തിൽ, അൽഫോൻസ് ചക്കാലയ്ക്കൽ എന്നീ വൈദികരാണ് അഖണ്ഡജപമാല യജ്ഞത്തിനു നേതൃത്വം നൽകിയത്. പ്രത്യേക നിയോഗങ്ങൾ സമർപ്പിച്ചുകൊണ്ട് ഈ ജപമാലയുടെ മണികൾ കൈയിലേന്തി വിശ്വാസികൾ യജ്ഞത്തിൽ പങ്കുചേരുകയുണ്ടായി.

# ഇടവക വാർത്തകൾ

## കെ.ആർ.എൽ.സി.സി. പരിശീലന പരിപാടി– പാമ്പനാർ




പാമ്പനാർ തിരുഹൃദയ ഇടവകയെ സംബന്ധിച്ച് 2018 സെപ്റ്റംബർ 30 ഒരു അവിസ്മരണീയ ദിനമായിരുന്നു കെ.ആർ.എൽ.സി.സി.യുടെ ആഭിമു. ഖ്യത്തിൽ 6 ശുശ്രൂഷാ സമിതികളുടെ അംഗങ്ങൾക്കായി ഏകദിന പരിശീലനപരിപാടി നടത്തി. വിവിധ കൂട്ടായ്മകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 276 പേർ പങ്കെടുത്ത ഈ പ്രോഗ്രാമിൽ കെ.ആൽ.എൽ.സി.സി. യുടെ ജനറൽ സെക്രട്ടറി റവ.ഫാ. ഫ്രാൻസിസ് സേവ്യർ താന്നിക്കാപറമ്പിൽ, അസോ. ജനറൽ സെക്രട്ടറി, റവ.ഫാ. തോമസ് തറയിൽ തുടങ്ങിയ വൈദികശ്രേഷ്ഠർ കടന്നുവരുകയും, ലീഡേഴ്സിനും ശ്രുശ്രൂഷാ സമിതികൾക്കും ഗ്രൂപ്പ് തിരിച്ച് ക്ലാസുകൾ എടുക്കുകയും ചെയ്തു. രാവിലെ 9 മണിക്കുള്ള ദിവ്യബലിയോടുകൂടി ആരംഭിച്ച് ഉച്ചകഴിഞ്ഞ് 1.30 നുള്ള ഭക്ഷണത്തോടുകൂടി പര്യവസാനിച്ചു. ഇടവക വികാരി വെരി.റവ.ഫാ. ക്ലീറ്റസ് കതിർപറമ്പിൽ നേതൃത്വം വഹിച്ചു.

## ജന്മദിനാഘോഷവും, ഫീസ്റ്റ് ദിനവും




സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂർ ഇടവക വികാരിയും വി.എസ്.എസ്. എസ്. ഡയറക്ടറും ആയ റവ.ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിയുടെ ജന്മദിനം 30–9–18ന് ആഘോഷിച്ചു. വിദ്യാർത്ഥികളും അദ്ധ്യാപകരും ചേർന്ന്

വികാരിയച്ചന് ജന്മദിനത്തിന്റെ മംഗളങ്ങൾ അറിയിച്ചുകൊണ്ട് പൂച്ചെണ്ട് നൽകി. തുടർന്ന് സി. റോസ്ലിൻ ജന്മദിനത്തിന്റെ ആശംസയർപ്പിച്ചു. അതിനുശേഷം ഏവർക്കും മധുര പലഹാരങ്ങൾ വിതരണം ചെയ്തു.

ഒക്ടോബർ 14 ന് ഫീസ്റ്റ് ദിനത്തിന്റെ ഭാഗമായി വി. ഡെന്നീസിന്റെ ചിത്രം വരച്ച് അൾത്താരയിൽ പ്രതിഷ്ഠിച്ചിരുന്നു. ബ്രദർ ക്ലിന്റ് ഫീസ്റ്റ് ദിനത്തിന്റെ ആശംസയർപ്പിച്ചു. തുടർന്ന് വികാരിയച്ചൻ ഈ വിശുദ്ധനെക്കുറിച്ച് കുട്ടികൾക്ക് വിവരണങ്ങൾ നൽകി. കുട്ടികളും അദ്ധ്യാപകരും ചേർന്ന് ഫീസ്റ്റ് ദിനത്തിൽ മംഗള ഗാനം പാടുകയും ചെയ്തു.

## പാരിഷ് കൗൺസിൽ സത്യപ്രതിജ്ഞ



കുറുമുള്ളൂർ സെന്റ് മേരീസ് ഇടവകയിൽ പുതിയതായി രൂപീകൃതമായ പാരിഷ്കൗൺസിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞ നടത്തി. വിശുദ്ധിയുടെയും സമത്വത്തിന്റെയും പ്രതീകമായി വെള്ള വസ്ത്രങ്ങൾ ധരിച്ച് ജ്വലിക്കുന്ന ദീപവുമായി വികാരിയച്ചന്റെ നേതൃത്വത്തിൽ പാരിഷ് കൗൺസിൽ അംഗങ്ങൾ ദിവ്യബലിക്കായ് പ്രവേശിച്ചു. അന്നേ ദിവസം ദിവ്യബലിക്ക് നേതൃത്വം വഹിച്ചത് പാരിഷ്കൗൺസിലാണ്. വി. കുർബാനമധ്യേ വികാരിയച്ചൻ ഏവർക്കും നൽകിയ ജപമാലകൾ കൈകളിലേന്തികൊണ്ട് തങ്ങളെ ഏൽപ്പിച്ചിരിക്കുന്ന കർത്തവ്യങ്ങൾ നിർവ്വഹിച്ചുകൊള്ളാമെന്ന വാഗ്ദാനത്തോടെ സത്യപ്രതിജ്ഞ നടത്തി.

## കിറ്റ് വിതരണം

ജാതിമതഭേദമെന്യെ ഇടവകയുടെ പരിധിയിൽപ്പെട്ട ദുരിതമനുഭവിക്കുന്ന 200 നിർധന കുടുംബങ്ങൾക്ക് നിത്യോപയോഗ വസ്തുക്കൾ അടങ്ങിയ കിറ്റുകളും 131 കുട്ടികൾക്ക് നോട്ടുബുക്കുകളും വിതരണം ചെയ്തു. 30-9-18ന് കൂടിയ യോഗത്തിന് പി.ഡി.സി. സെക്രട്ടറി ശ്രീ. ഫ്രാൻസിസ് സേവ്യർ പനച്ചിക്കുന്നേൽ സ്വാഗതം അർപ്പിച്ചു. റവ.ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് നീണ്ടൂർ പഞ്ചായത്ത് മെമ്പർ ശ്രീ. തോമസ് കുട്ടി കോളമ്പായിൽ ശ്രീമതി ചെല്ലമ്മ പോത്തൻ കോളനിയ്ക്ക് കിറ്റ് നൽകിക്കൊണ്ട് ഉദ്ഘാടന കർമ്മം നിർവഹിച്ചു. പാരിഷ് കൗൺസിൽ സെക്രട്ടറി ശ്രീ. സിബി തൈപറമ്പിൽ, ശ്രീ. മാത്യു മൂഴിപ്പറമ്പിൽ എന്നിവർ യോഗത്തിന് ആശംസ അർപ്പിച്ചു. ആനിമേറ്റർ ശ്രീമതി ബീനാ സിബി കൃതജ്ഞത അർപ്പിക്കുകയും ചെയ്തു.

## ക്രിസ്തുരാജ ദൈവാലയം, മൂവാറ്റുപുഴ

### ലേഖന മത്സരം



മാതാവിന്റെ സ്വർഗ്ഗാരോപണവും ഭാരതസ്വാതന്ത്ര്യവും എന്ന വിഷയത്തെ ആസ്പദമാക്കി ലേഖനം തയ്യാറാക്കിയ മതബോധന വിദ്യാർത്ഥികൾക്കായി ഏറ്റവും നല്ല ലേഖനം തയ്യാറാക്കിയ 12-ാം ക്ലാസ് വിദ്യാർത്ഥിനി അൽഫോൻസ അഗസ്റ്റിൻ സ്വർഗ്ഗാരോപണതിരുനാളിൽ ബഹുമാനപ്പെട്ട വികാരി ഫാ. തോമസ് തൈപറമ്പിൽ സമ്മാനം നല്കുന്നു.

### മരിയാ ഗൊരേത്തിദിനം



വി. മരിയ ഗൊരേത്തിദിനം ആചരിച്ചു. 9-ാം ക്ലാസിലെ അദ്ധ്യാപിക ബഹുമാനുപ്പെട്ട സിസ്റ്റർ അഞ്ജനയുടെ നേതൃത്വത്തിൽ കുട്ടികൾ എല്ലാവരും ചേർന്ന് വി. മരിയഗൊരേത്തിയുടെ ജീവിതത്തെ ആസ്പദമാക്കി മൈം (മൂകാഭിനയം) അവതരിപ്പിച്ചു.

## ബാലികാദിനാചരണം



ഇടവകയിൽ ബാലികാദിനം ആചരിച്ചു. കിഡ്സ് മുതൽ 6–ാം ക്ലാസ് വരെയുള്ള പെൺകുട്ടികൾക്ക് ആശംസകൾ അർപ്പിച്ചു. തുടർന്ന് വിവിധ കലാപരിപാടികൾ കുട്ടികൾ അവതരിപ്പിച്ചു. ബഹുമാനപ്പെട്ട വികാരിയച്ചൻ അവർക്ക് സമ്മാനം കൊടുക്കുകയും ചെയ്തു.

## അഭിനന്ദനങ്ങൾ



എം.ജി. യൂണിവേഴ്സിറ്റി എം.എസ്. സി. ബയോഫിസിക്സിൽ രണ്ടാം റാങ്ക് നേടിയ **ചിക്കു മെറിൻ ജോൺ**. കോട്ടയം നല്ലിടയൻ ഇടവകാംഗമായ കിണറ്റിങ്കൽ ജോൺ കെ. ജോസഫിന്റെയും മെറീനാ ജോണിന്റെയും മകളാണ്.



തിരുവല്ല പുഷ്പഗിരി, മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് അഡ്മിഷൻ ലഭിച്ച **ആര്യജോയി** തേക്കനാകുന്നേൽ, ഏന്തയാർ സെന്റ് ജോസഫ്സ് ഇടവകാംഗമാണ്.

## സെന്റ് പീറ്റേഴ്സ്, കുമരകം



സെപ്തംബർ 23-ാം തീയതി ഞായറാഴ്ച സെന്റ് പീറ്റേഴ്സ് മതബോധന വിഭാഗത്തിന്റെയും ഇടവക സമിതിയുടെയും നേതൃത്വത്തിൽ വികാരി ഫാ. മാത്യു സുഭാഷിന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. ഹെഡ്മിസ്ട്രസ് സിസ്റ്റർ ബീനാ നെറ്റോ സ്വാഗതം ആശംസിച്ചു. ഇടവകസമിതി സെക്രട്ടറി ശ്രീ. ബെൻസിപോൾ, പി.റ്റി.എ. കൺവീനർ ശ്രീ. സുരേഷ്, സാമ്പത്തിക കമ്മറ്റി അംഗം ശ്രീ. ഷാർളിൻ പീറ്റർ, അസിസ്റ്റന്റ് എച്ച്.എം. ശ്രീ. ദിവേഷ് പി.റ്റി. എന്നിവർ ആശംസകൾ അർപ്പിച്ചു. മതബോധന കുട്ടികൾ, മതാദ്ധ്യപകർ, ഇടവക ജനങ്ങൾ എന്നിവർ പങ്കെടുത്ത മീറ്റിംഗിന് ശ്രീമതി മെറ്റിൽഡ ടീച്ചർ കൃതജ്ഞതയർപ്പിച്ചു.

## കോട്ടയം വിമലഗിരി കത്തീഡ്രലിൽ
## പരി. വിമലഗിരി മാതാവിന്റെ അമലോത്ഭവ തിരുനാൾ
## 2018 നവംബർ 29 മുതൽ ഡിസംബർ 8 വരെ

2018 നവംബർ 29 വ്യാഴം

5.15 pm. : തിരുനാൾ കൊടിയേറ്റ്
**അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ്**

തുടർന്ന് **ദിവ്യബലി, വചനപ്രഘോഷണം, നൊവേന**

എല്ലാദിവസവും
വൈകുന്നേരം 5ന് : **ജപമാല**
5.30ന് : ദിവ്യബലി, വചനപ്രഘോഷണം നൊവേന.

2018 ഡിസംബർ 07 വെള്ളി
ദിവ്യബലിക്കും നൊവേനയ്ക്കും ശേഷം. :
**ആഘോഷമായ സായാഹ്ന പ്രദക്ഷിണം**

2018 ഡിസംബർ 08 ശനി (തിരുനാൾ സമാപനം)

7.00 am. : ദിവ്യബലി

9.00 am. : **ദിവ്യബലി** (ഗ്രിഗോറിയൻ ക്രമത്തിൽ)

2.00 pm. : **വിമലഗിരി തീർത്ഥാടന റാലി**
(ഗുഡ്ഷെപ്പേർഡ് ദൈവാലയത്തിൽ നിന്നും വിമലഗിരി കത്തീഡ്രലിലേയ്ക്ക്)

3.00 pm. : **ആഘോഷമായ തിരുനാൾ സമൂഹബലി**
മുഖ്യകാർമ്മികൻ
**അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ്**
(രൂപതയിലെ എല്ലാ വൈദികരും സഹകാർമ്മികത്വം വഹിക്കുന്നു)

5.30 pm. : **ദിവ്യകാരുണ്യ പ്രദക്ഷിണം, നേർച്ചവിതരണം.**

## പരേതരെ സ്മരിക്കാം – നവംബർ

| | | |
|---|---|---|
| 7 | (1984) | Msgr.Jacob Vellaringatt |
| 12 | (1981) | Fr.Benedict OCD |
| 13 | (2007) | Fr.Vigilius Chiriyankandathil |
| 14 | (1996) | Fr.Jovakkim Kanakkanchery |
| 23 | (2011) | Fr.M. Dharmaraj |
| 24 | (1931) | Fr.Marian OCD |
| 25 | (2000) | Fr.Felicissimo OCD |
| 29 | (2012) | Fr.Paul Kanatt |

# സംഘടനാ വാർത്തകൾ

## സി.എം. എൽ. ദിനം കുറുമുള്ളൂർ



വിശുദ്ധ കൊച്ചു ത്രേസ്യായുടെ തിരുനാൾ സി.എം.എൽ. ദിനമായി ആചരിച്ചു. ദിവ്യബലിയുടെ ആരംഭത്തിൽ വി. കൊച്ചു ത്രേസ്യായുടെ ജീവിതം വെളിവാക്കുന്ന ആമുഖ സന്ദേശം സി. റോസിലിൻ വായിച്ചു. വിശുദ്ധയുടെ ചിത്രം അലങ്കരിച്ച് അൾത്താരയിൽ പ്രതിഷ്ഠിച്ചിരുന്നു. സി.എം.എൽ. കുട്ടികളാണ് വി. കുർബാനയ്ക്ക് നേതൃത്വം വഹിച്ചത്. ദിവ്യബലിക്ക് ശേഷം റാലി നടത്തി. റവ.ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിയും, ബ്രദർ ക്ലിന്റും സി.എം.എൽ. ദിനത്തിൽ ആശംസകളും, നിർദ്ദേശങ്ങളും നൽകികൊണ്ട് റാലി ഫ്ളാഗ് ഓഫ് ചെയ്തു. വി. കൊച്ചു ത്രേസ്യായെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ സൃഷ്ടിക്കുന്നതിനായി വി. കൊച്ചുത്രേസ്യായുടെ വേഷധാരി റാലിയിൽ മുൻനിരയിലും സി.എം.എൽ. ബാഡ്ജ് ധരിച്ച് കൊടികൾ കൈകളിലേന്തിയ കുട്ടികളും അദ്ധ്യാപകരും അതിനു പിന്നിലായും അണി നിരന്നു. ലീഡർമാർ ചൊല്ലികൊടുത്ത മുദ്രാവാക്യങ്ങൾ കുട്ടികൾ ഏറ്റുചൊല്ലിക്കൊണ്ട് ദൈവാലയം ചുറ്റി റാലി നടത്തി.

## CML മുണ്ടക്കയം





മുണ്ടക്കയം സെന്റ് മേരീസ് ചർച്ച് മതബോധന യൂണിറ്റ് സി.എം.എൽ. ദിനം ആഘോഷപൂർവ്വം ആഘോഷിച്ചു. രാവിലെ 8.30ന് കുട്ടികളുടെ കുർബാ

നയ്ക്ക് മുന്നോടിയായി സി.എം.ൽ പതാക ഉയർത്തപ്പെട്ടു. ബഹു വികാരി മോൺ ഹെൻറി കൊച്ചുപറമ്പിലിന്റെ നേതൃത്വത്തിൽ മഞ്ഞയും ചുവപ്പും തിരിനാളങ്ങളേന്തി കുട്ടികൾ നിരനിരയായി പള്ളിയിൽ പ്രവേശിക്കുകയും ആഘോഷമായ ദിവ്യബലി നടത്തപ്പെടുകയും ചെയ്തു. ദിവ്യബലിക്കു ശേഷം നടത്തിയ റാലിയിൽ ഏകദേശം 100 സി.എം.എൽ അംഗങ്ങൾ ആവേശകരമായി പങ്കെടുത്തു. ബഹു. വികാരി മോൺ. ഹെന്റി കൊച്ചുപറമ്പിൽ, സിസ്റ്റർ വെറീന എന്നിവർ ക്ലാസുകൾ നയിച്ച് കുട്ടികളെ പ്രബുദ്ധരാക്കുകയും ചെയ്തു. സി.എം.എൽ. ആന്തത്തോടുകൂടി യോഗം അവസാനിച്ചു.

## KLCWA കോഴിപ്പള്ളി

കോഴിപ്പള്ളി ചെറുപുഷ്പ ദൈവാലയത്തിലെ KLCWA തിരഞ്ഞെടുപ്പു യോഗം 30-9-2018 ബഹു. പീറ്ററച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. എച്ച്.എം. ശ്രീമതി ശൈമതി ഷൈൻ പി. സാബു എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് ബഹു പീറ്ററച്ചൻ KLCWA എന്ന സംഘടനയെക്കുറിച്ച് വിശദീകരിച്ചു. **ഭാരവാഹികൾ:** പ്രസിഡന്റ് : മിസ്സ് ഷൈൻ പി . സാബു, വൈസ് പ്രസിഡന്റ്: മിസ്സ് ആനി സൈജു, സെക്രട്ടറി: മിസ്സ് ലിബി അനിൽ, ജനറൽ സെക്രട്ടറി: മിസ്സ് അൽഫോൻസാ മാത്യു, ട്രഷറർ: മിസ്സ് ലൂസി ജോർജ്ജ്, എക്. മെമ്പേഴ്സ്: മിസ്സ് ലിസമ്മ സ്റ്റീഫൻ : മിസ്സ് എൽസി വർഗ്ഗീസ്, : മിസ്സ് ഹെലൻ തോമസ് : മിസ്സ് ഗ്രേസി ചാക്കോ, മിസ്സ് എമിലി ടിനി. മാസത്തിലെ എല്ലാ നാലാമത്തെ ഞായറാഴ്ചയും KLCWA യോഗം ചേരുവാനും തീരുമാനിച്ചു. പ്രാർത്ഥനയോടു കൂടി യോഗം സമാപിച്ചു.

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

## വാർഷികാഘോഷവും പുതിയ നേതൃത്വവും – മുണ്ടക്കയം

**സെ**ന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മുണ്ടക്കയം സെന്റ് മേരീസ് കോൺഫറൻസിന്റെ 38-ാമത് വാർഷികവും പുതിയ ഭാരവാഹികളുടെ ചുമതല ഏറ്റെടുക്കലും സെപ്തംബർ 16-ാം തീയതി നടത്തപ്പെട്ടു. രാവിലെ 10.30 ന് ആരംഭിച്ച് കൃതജ്ഞതാബലിയോടെ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനം ആത്മീയോപദേഷ്ടാവ് മോൺ. ഹെൻട്രി കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ബ്രദർ ചാർളി കോശി അദ്ധ്യക്ഷത വഹിച്ചു. റവ.ഫാ. തോമസ് കപ്യാരുമല എസ്.ജെ. അനുഗ്രഹപ്രഭാഷണവും സി.സി. പ്രസിഡന്റ് ബ്രദർ മൈക്കിൾ ഡിക്രൂസ് മുഖ്യപ്രഭാഷണവും നടത്തി. മുണ്ടക്കയം ഏ.സി. പ്രസിഡന്റ് ബ്രദർ ഡി. സണ്ണി നിയുക്ത പ്രസിഡന്റ് ബ്രദർ ചാക്കോ ജോസഫിന് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഇടവക സെക്രട്ടറി ശ്രീ. ജേക്കബ് വാർവിളാകത്ത്, മുൻ പി. സി. പ്രസിഡന്റ് ബ്രദർ റ്റി.ജെ റോബർട്ട് എന്നിവർ ആശംസയർപ്പിച്ചു. അഡ്വ. ജസ്റ്റിൻ ഡേവിഡ് സ്വാഗതമേകി. പ്രാരംഭപ്രാർത്ഥന ബ്രദർ ജോസഫ് തോമസ്, ജ്ഞാനവായന ബ്ര.പി.എം. രാജേഷ്, വാർഷിക റിപ്പോർട്ട് ബ്രദർ എൻ.



എം. ആന്റണി, വാർഷിക കണക്ക് ബ്രദർ റ്റി.ജെ. ജോസഫ് എന്നിവർ അവതരിപ്പിച്ചു. ബ്രദർ ചാക്കോ ജോസഫ് ഏവർക്കും കൃതജ്ഞതയർപ്പിച്ചു. സമാപന പ്രാർത്ഥനയ്ക്ക് ശേഷം സ്നേഹവിരുന്നോടുകൂടി വാർഷികാഘോഷത്തിന് പരിസമാപ്തി കുറിച്ചു. ബ്രദർ ചാക്കോ ജോസഫ് പ്രസിഡന്റ്, ബ്രദർ ജോസഫ് തോമസ് വൈസ് പ്രസിഡന്റ്, ബ്രദർ പി.എം. രാജേഷ് സെക്രട്ടറി, ബ്രദർ ജോസഫ് ജെയിംസ് ജോയിന്റ് സെക്രട്ടറി, ബ്രദർ റ്റി.ജെ. ജോസഫ് ട്രഷറർ എന്നിവരാണ് പുതിയ ഭാരവാഹികൾ.

## പ്രാരംഭകാല പ്രവർത്തകർക്ക് ആദരം– കോട്ടയം നല്ലയിടയൻ



സൊസൈറ്റി ഓഫ് വിൻസെന്റ് ഡി പോൾ കോട്ടയം നല്ലയിടയൻ കോൺഫ്രൻസ് അംഗങ്ങളുടെ നേതൃത്വത്തിൽ പ്രാരംഭകാല അംഗങ്ങളെ ആദരിച്ചപ്പോൾ

കോട്ടയം നല്ലയിടയൻ ഇടവകയിലെ സെന്റ് വിൻസെന്റ് ഡി പോൾ കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ 2018 സെപ്റ്റംബർ 30–ാം തീയതി ഞായറാഴ്ച വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ സമുചിതമായി ആച

രിച്ചു. തിരുനാൾ ദിവ്യബലിയുടെ വായനകൾക്കും, കാഴ്ചവയ്പ്പു പ്രദക്ഷിണത്തിനും വിശ്വാസികളുടെ പ്രാർത്ഥനകൾക്കും കോൺഫ്രൻസ് അംഗങ്ങൾ നേതൃത്വം നൽകി. 1960 സെപ്റ്റംബർ 25ന് അന്നത്തെ വികാരി ബഹു. ജോൺ പള്ളത്ത് ഒ.സി.ഡി.യുടെ സാന്നിദ്ധ്യത്തിലാണ് രൂപതയിലെ ആദ്യ വിൻസെന്റ് ഡി പോൾ കോൺഫ്രൻസ് നല്ലയിടയൻ ഇടവകയിൽ പ്രവർത്തനമാരംഭിച്ചത്. ആഘോഷങ്ങളുടെ ഭാഗമായി ദിവ്യബലിക്കുശേഷം കോൺഫ്രൻസിന്റെ ആദ്യകാല പ്രവർത്തകരിൽ ഇന്നു ജീവിച്ചിരിക്കുന്നവരായ സർവ്വശ്രീ. റ്റി.പി. ജേക്കബ് തോട്ടത്തിൽ, പി.സി. ജോസഫ് പുളിക്കത്തോപ്പിൽ, കെ.എം. വർഗ്ഗീസ് കൊച്ചുകളത്തിൽ എന്നിവരെ ബഹു. വികാരിയച്ചൻ ബേസിൽ പാദുവാ. ഒ.സി.ഡി. പൊന്നാടയണിയിച്ച് ആദരിച്ചു. കോൺഫ്രൻസ് പ്രസിഡന്റ് ജോസ്കുട്ടി പനച്ചിക്കൽ, സെക്രട്ടറി സുരേഷ്തോപ്പിൽ എന്നിവർ മറ്റു ഭാരവാഹികളോടൊപ്പം ആഘോഷങ്ങൾക്കു നേതൃത്വം നൽകി.

## വിമലഗിരി വിമലാംബിക കോൺഫ്രൻസ്

വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ വിമലഗിരി കത്തീഡ്രലിൽ പ്രവർത്തിക്കുന്ന വിമലാംബിക കോൺഫ്രൻസ് അംഗങ്ങൾ 2018 ഒക്ടോബർ 7ന് സമുചിതമായി ആഘോഷിച്ചു. ദിവ്യബലിക്ക് കോൺഫ്രൻസ് അംഗങ്ങൾ നേതൃത്വം നല്കി. ദിവ്യബലിയിൽ പങ്കെടുത്ത എല്ലാവർക്കും ലഘുഭക്ഷണവും നൽകി. കോൺഫ്രൻസ് പ്രസിഡന്റ് കെ.ആർ. ജോർജ്, സെക്രട്ടറി എം.എം. ജോസഫ് എന്നിവരോടൊപ്പം എല്ലാ കോൺഫ്രൻസ് അംഗങ്ങളും പരിപാടികൾക്ക് നേതൃത്വം നൽകി.

## മദർ തെരേസാ വനിതാ കോൺഫ്രൻസ്- പട്ടിത്താനം

പട്ടിത്താനം സെന്റ് ബോനിഫസ് ഇടവകയിൽ 30-5- 2018 ൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പുതിയ വനിതാ കോൺഫ്രൻസ് രൂപീകൃതമായി. വികാരി വെരി. റവ.ഫാ. സ്റ്റീഫൻ പുത്തൻപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ആദ്യയോഗത്തിൽ പട്ടിത്താനം ഏരിയാ കൗൺസിൽ പ്രസിഡന്റ് ബ്രദർ സെബാസ്റ്റ്യൻ പുള്ളുവേലിൽ സൊസൈറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ് നടത്തി. 26 അംഗങ്ങൾ ഉള്ള പുതിയ കോൺഫ്രൻസിന് കൽക്കത്തായിലെ വിശുദ്ധ മദർ തെരേസായുടെ നാമധേയം വികാരിയച്ചൻ നല്കി.

*ഭാരവാഹികൾ*

| | |
|---|---|
| പ്രസിഡന്റ് | : **സി. ജിഷാ ജോജോ കൈതക്കോട്ടിൽ** |
| വൈസ് പ്രസിഡന്റ | : **സി. ലെനി അനിൽ കൊടിക്കുന്നിയേൽ** |
| സെക്രട്ടറി | : **സി. ഷാലിനി ജോമോൻ നെടിയതൊട്ടിയിൽ** |
| ട്രഷറർ | : **സി. നിമ്മി ജോയിസ് തെക്കേആരംപള്ളി** |

# ECCOMI 2018 യുവജനസംഗമം
## പീരുമേട് മേഖല






യുവജന വർഷത്തിന്റെ ഭാഗമായും ഇപ്പോൾ സഭ യുവജനങ്ങൾക്കായി നൽകുന്ന പ്രാധാന്യം കണക്കിലെടുത്തും 2018 ഒക്ടോബർ മാസം 14-ാം തീയതി പീരുമേട് മേഖലയുടെ യുവജന സംഗമം പാമ്പനാർ തിരുഹൃദയ ദൈവാലയത്തിൽ നടത്തുകയുണ്ടായി. 9.30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച യോഗത്തിൽ 12 ഇടവകകളിൽ നിന്നും 700 ഓളം പേർ പങ്കെടുത്തു.

രൂപതാ മിനിസ്ട്രി കോ-ഓർഡിനേറ്ററും ഡയറക്ടറുമായ റവ.ഫാ. വർഗ്ഗീസ് കോട്ടയ്ക്കാട്ട് പതാക ഉയർത്തി. പാമ്പനാർ ഫെറോന വികാരി റവ.ഫാ. ക്ലീറ്റസ് വർഗ്ഗീസ് കതിർപറമ്പിൽ അദ്ധ്യക്ഷനായിരുന്ന യോഗത്തിന്റെ ഉദ്ഘാടനം റവ.ഫാ. വർഗ്ഗീസ് കോട്ടയ്ക്കാട്ട് നിർവഹിച്ചു. ഡോ. അഭിലാഷ് യുവജനങ്ങൾക്കായി ഒരു സെമിനാർ എടുക്കുകയും ഉച്ചതിരിഞ്ഞ് വൈദികരുടെ നേതൃത്വത്തിൽ “റോമൻ കത്തോലിക്കാ സഭ പഠന ശിബിരം” ഒരു അഭിമുഖം നൽകുകയും ചെയ്തു.

തുടർന്ന് വിജയപുരം രൂപത വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ മുഖ്യകാർമ്മികത്വം വഹിച്ച ദിവ്യബലിയിൽ ഫൊറോനയിലെ എല്ലാ വൈദികരും സഹകാർമ്മികത്വം വഹിക്കുകയും 12 ഇടവകകളിലെ യുവജനങ്ങൾ നേതൃത്വം നൽകുകയും ചെയ്തു. ദിവ്യബലിമദ്ധ്യേ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ, പാമ്പനാർ തിരുഹൃദയ ദൈവാലയത്തെ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ച ഡിക്രി വായിക്കുകയും ഇടവക വികാരി റവ. ഫാ. ക്ലീറ്റസ് കതിർപ്പറമ്പിലിന് കൈമാറുകയും ചെയ്തു.

വണ്ടിപ്പെരിയാർ ഇടവക വികാരി റവ.ഫാ. നെൽസൺ ആവരവിള പതാക താഴ്ത്തിയതോടുകൂടി ECCOMI 2018 അതിന്റെ സമാപനത്തിലെത്തി.

# KCYM പൊടിമറ്റം



ഗാന്ധിജയന്തി ദിനാഘോഷം ഉദ്ഘാടനവും പ്രോഗ്രാമുമില്ലാതെ ശുചീകരണം മാത്രമാക്കി വേറിട്ടതാക്കുകയാണ് ഈ യുവാക്കൾ. ദേശീപാത 183-ൽ കാലങ്ങളായി പോസ്റ്റർ പതിച്ചും പായൽ പിടിച്ചും വൃത്തിഹീനമായിരുന്ന പേട്ടകവലയിലെ പാലത്തിന്റെ കൈവരികൾക്ക് പുതുനിറം നല്കിയിരിക്കുകയാണ് പൊടിമറ്റം സെന്റ് ജോസഫ്സ് ഇടവകയിലെ കെ.സി.വൈ.എം. പ്രവർത്തകർ. ആദ്യം പാലത്തിന്റെ കൈവരികൾ കഴുകി വൃത്തിയാക്കി. തുടർന്ന് വെളുത്ത ചായം തേച്ചതോടെ കൈവരികൾ എല്ലാവരും കാണുന്ന നിലയിലായി. പൊള്ളുന്ന ചൂടിനെയും വൈകിട്ട് പെയ്ത മഴയെയും വകവെക്കാതെയുള്ള ഇവരുടെ ജോലി നാട്ടുകാരുടെ അഭിനന്ദനത്തിനർഹമായി. അംഗങ്ങൾ തന്നെ പിരിവെടുത്താണ് കൈവരികൾ കഴുകുന്നതിനുള്ള ഉപകരണം വാടകയ്ക്ക് എടുത്തതും ചായം വാങ്ങിയതും. കെ.സി.വൈ.എം. ഭാരവാഹികളായ സിജോ പൊടിമറ്റം, ബിനു ജോസഫ്, ലൂയിസ് ആന്റണി, ബിബിൻ തോമസ്, എബി കുളമറ്റം, അഖില ടോമി, ജെയിസ് രാജു, സുബിൻ, മോബിൻ തുടങ്ങിയവർ നേതൃത്വം നല്കി.

# യുവജനവർഷാചരണം- മുണ്ടക്കയം

മുണ്ടക്കയം മേഖല കെ.സി.വൈ.എം. ന്റെ Prayerline 2018 പൊടിമറ്റം സെന്റ് ജോസഫ് ദൈവാലയത്തിൽ 7-10-2018 നടത്തപ്പെട്ടു. മുണ്ടക്കയം മേഖല കെ.സി.വൈ.എം. പ്രസിഡന്റ് മി. ബിനു പതാക ഉയർത്തി. സെമിനാർ ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. മേഖല ഡയറക്ടർ ആഗ്നൽ ഡോമിനിക് അച്ചന്റെ പ്രാർത്ഥനയോടുകൂടി സെമിനാർ ആരംഭിച്ചു. ഡോ.



അഭിലാഷ് സാർ personality ഡവലപ്മെന്റിനെകുറിച്ച് ക്ലാസ് എടുത്തു.

മുൻ കെ.സി.വൈ.എം. മേഖല ഡയറക്ടർ ഫാ. ജോൺ വിയാനി അച്ചൻ ചുമതല ഒഴിഞ്ഞ് പുതിയ ഡയറക്ടർ ആയ ഫാ. ആഗ്നൽ ഡോമിനിക് അച്ചന് പതാകയും ബൈബിളും നല്കി ചുമതല ഏൽപ്പിച്ചു. മുണ്ടക്കയം ഫൊറോന വികാരി മോൺ. ഹെൻറി കൊച്ചുപറമ്പിൽ പൊടിമറ്റം വികാരി ഫാ. തോമസ് പഴവക്കാട്ടിൽ എന്നിവർ പങ്കെടുത്തു. കെ.സി.വൈ.എം. മേഖല സെക്രട്ടറി കൃതജ്ഞതയർപ്പിച്ചു. സെമിനാർ 4 മണിക്ക് സമാപിച്ചു.

# ലീജിയൻ ഓഫ് മേരി

## ചങ്ങനാശേരി, മേരി മൗണ്ട്

ലീജിയൻ ഓഫ് മേരി ചങ്ങനാശേരി മേരി മൗണ്ട് കൂരിയായുടെ സെപ്റ്റംബർ സമ്മേളനം 2018 സെപ്റ്റംബർ 15-ാം തീയതി ശനിയാഴ്ച 2.30 ന് മേരി മൗണ്ട് ചർച്ച് ഹാളിൽ കൂടി. പ്രാരംഭ പ്രാർത്ഥന ജപമാല ഇവയ്ക്ക് ലീജിയൻ ഓഫ് മേരി രൂപതാ ഡയറക്ർ ബഹു. ഫാ. ജോർജ്ജ് മേരിമംഗലം നേതൃത്വം നൽകി. കൂരിയാ ഡയറക്ടർ ബഹു. ഫാ. അഗസ്റ്റിൻ കല്ലറയ്ക്കൽ സന്നിഹിതനായിരുന്നു. സമ്മേളനത്തിൽ 4 പ്രസീദിയങ്ങൾ പങ്കെടുത്തു. മഹാപ്രളയത്തിൽ നിന്നും അത്ഭുതകരമായി രക്ഷപ്പെട്ട വനവാതൂക്കരയിലെ പ്രസീദിയാംഗങ്ങൾക്കുവേണ്ടി പരിശുദ്ധ അമ്മവഴി ദൈവത്തിനു നന്ദി പറഞ്ഞു കൊണ്ടാണ് സ്വാഗതമാശംസിച്ചത്. പിന്നീട് സെക്രട്ടറി സി. സിൽവി ലോബോ 2017 -ൽ വനവാതൂക്കരയിൽവച്ചു നടന്ന സെപ്റ്റംബർ സമ്മേളനത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു.

രക്ഷകന്റെ മാതാ പ്രസീദിയംഗമായ ബ്ര. ഫ്രാൻസീസ് ഗാനമാലപിച്ചു. സൈനീക ജപശൃംഖലയ്ക്കുശേഷം ബഹു. മേരിമംഗലം അച്ചൻ പ്രഭാഷണം നടത്തി. തുടർന്ന് ചർച്ച നടത്തി. മുടങ്ങിക്കിടക്കുന്ന പ്രസീദിയങ്ങൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി കൂരിയാ ഭാരവാഹികളും പ്രസീദിയം ഭാരവാഹികളും സന്ദർശനം നടത്തി ഡിസംബറിൽ നടക്കുന്ന വാർഷികത്തിനു മുൻപ് പ്രവർത്തനം തുടങ്ങണമെന്ന് തീരുമാനിച്ചു.

അവസാന പ്രാർത്ഥനയ്ക്കുശേഷം രക്ഷകന്റെ മാതാ പ്രസീദിയം ചങ്ങനാശേരി, അത്ഭുതമാതാ പ്രസീദിയം പൂവം, എന്നി പ്രസീദിയങ്ങളിലെ അംഗങ്ങൾ നല്ല മനസ്സോടു കൂടി സംഭാവന ചെയ്ത തുക വെള്ളപ്പൊക്കത്തിൽ

നാഷനഷ്ടങ്ങൾ അനുഭവിച്ച വനവാതൂക്കര പ്രസീദിയത്തിലെ അഗങ്ങൾക്ക് ലീജിയന്റെ യൂണിഫോം സാരി എടുക്കുന്നതിനുവേണ്ടി ബഹു. മേരിമംഗലം അച്ചൻ വനവൂതൂക്കര പ്രസീദിയത്തിന്റെ മുൻ പ്രസിഡന്റ് സി. മേരിക്കുട്ടി ജേക്കബിനെ ഏൽപ്പിച്ചു.

തുടർന്ന് കൂരിയായുടെ ആദ്ധ്യാത്മിക നിയന്താവ് ബഹു. അഗസ്റ്റിൻ അച്ചൻ, സങ്കടങ്ങളെ മാതാവ് എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതിനെ ക്കുറിച്ച് പ്രഭാഷണം നടത്തി. പിന്നീട് സി. ദീപാ ലോബോ കൃതജ്ഞത പറഞ്ഞു. അവസാന പ്രാർത്ഥന, ആശീർവാദം, സ്നേഹവിരുന്ന് എന്നിവ യോടെ സമ്മേളനം പര്യവസാനിച്ചു.

## പാക്കിൽ സെന്റ് തെരേസാസ്



റോസാമിസ്റ്റിക്കാ മാതാവിന്റെ നാമത്തിൽ അറിയപ്പെടുന്ന പാക്കിൽ സെന്റ് തെരേസാസ് ഇടവകയിലെ കൂട്ടായ്മ പുതിയ ഭാരവാഹികളെ തെര ഞ്ഞെടുത്തു. പ്രസിഡന്റ് ശ്രീമതി എൽസി ഫ്രാൻസിസ്, വൈസ്പ്രസിഡന്റ് മിനിസാബു, സെക്രട്ടറി അനിതാ വർഗ്ഗീസ്, ഖജാൻജി ശാലിനി ആൽബർട്ട്.

7–10–18 ഞായറാഴ്ച പള്ളിഹാളിൽ വച്ച് ലീജിയൻ ഓഫ് മേരി പ്രാർത്ഥനാ വാർഷികം ലീജിയൻ ഓഫ് മേരിയുടെ ഡയറക്ടറായ ജോർജ്ജ് ജോൺ മേരിമംഗലം അച്ചന്റെയും, ജോബ് കുഴിവേലിൽ അച്ചന്റെയും നേതൃത്വത്തിൽ നടന്നു.

ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച വാർഷികത്തിൽ ജപമാലക്കുശേഷം ശ്രീമതി മിനിസാബു എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ജോർജ്ജ് ജോൺ മേരിമംഗലം അച്ചൻ വാർഷികം ഉദ്ഘാടനം ചെയ്തു. ജോബ് കുഴി വേലിൽ അച്ചൻ അനുഗ്രഹ പ്രഭാഷണം നടത്തി.

ശ്രീമതി എൽസി ഫ്രാൻസിസ് അദ്ധ്യക്ഷ പ്രസംഗം നടത്തി. ശ്രീമതി അനിതാ വർഗ്ഗീസ് റിപ്പോർട്ട് വായിച്ചു. ശ്രീ. ജേക്കബ് കൊച്ചുപറമ്പിൽ ജ്ഞാനവായന നടത്തി. ശ്രീമതി മറിയക്കുട്ടി ജോസ്, വിൻസെന്റ് ഡീ പോൾ കോൺഫ്രൻസ് പ്രസിഡന്റ്, ശ്രീമതി സൂസൻ വിജയൻ, പ്രാർത്ഥനാ കൂട്ടാ യ്മയുടെ സെക്രട്ടറി ശ്രീ. ജോർജ്ജ് മാത്യു എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. ശ്രീമതി ഹോംസി മാത്യു കൃതഞ്ജതയർപ്പിച്ചശേഷം ശ്രീമതി ലോട്ടസ് സൈനിക ജപമാലയ്ക്കു നേതൃത്വം നൽകി. ജോർജ്ജ് ജോൺ മേരിമംഗലം അച്ചന്റെ ആശീർവാദത്തോടെയും സ്നേഹവിരുന്നോടെയും സമ്മേളനം അവസാനിച്ചു.

# പ്രളയാനന്തര ചിന്തകൾ

കെ.പി. ജോൺ

**നാം** അതിഭീതിദമായ ഒരു പ്രളയക്കെടുതി അനുഭവിച്ചവരാണ്. ഇതിൽ നിന്നും നാം ഇന്നും പൂർണ്ണമായി മുക്തി നേടിയിട്ടില്ല. ദുരിതാശ്വാസ പ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. ഇങ്ങനെയിരിക്കെയാണ് അടുത്ത ഒരു പ്രളയം നേരിടാൻ നാം തയ്യാറായിരിക്കണം എന്ന് സർക്കാരും ബന്ധപ്പെട്ട വകുപ്പുകളും മുന്നറിയിപ്പു നൽകിയിരിക്കുന്നത്.

കഴിഞ്ഞ പ്രളയവും അതുമായി ബന്ധപ്പെട്ട നമ്മുടെ പ്രവർത്തനങ്ങളും നമ്മെ പഠിപ്പിച്ച കുറെ കാര്യങ്ങൾ നാം ഭാവിയിൽ കണക്കിലെടുക്കേണ്ടതാണ്.

അപ്രതീക്ഷിതമായ സമയത്തായിരിക്കും വെള്ളപ്പൊക്കം കടന്നുവരുന്നത്. ഒരുപക്ഷേ വീടു വിട്ടിറങ്ങേണ്ട സാഹചര്യവുമുണ്ടായേക്കാം. എപ്പോഴും ഒരു പുറപ്പാടിനു സജ്ജരായിരിക്കുക.

നമ്മുടെ വീട്ടിലെ ഇലക്ട്രോണിക്, ഇലക്ട്രിക് ഉപകരണങ്ങൾ, ഗ്യാസ്സ്റ്റൗ, സിലിണ്ടർ തുടങ്ങി വെള്ളം കയറാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിന്നും മാറ്റി സൂക്ഷിക്കുക. ഉപയോഗം കഴിഞ്ഞാൽ വീണ്ടും അവിടെത്തന്നെ തിരികെ വയ്ക്കുക.

ബെഡ്, തലയണ തുടങ്ങിയവ ഉയർന്ന സ്ഥലങ്ങളിൽ സൂക്ഷിക്കുക. വീടിനോ, കക്കൂസിനോ, കിണറിനോ, പക്ഷിമൃഗാദികൾക്കോ, ഓഫീസിലോ ഉപജീവന മാർഗ്ഗങ്ങൾക്കോ വീട്ടുപകരണങ്ങൾക്കോ നഷ്ടം സംഭവിച്ചാൽ കൃത്യമായ വിവരം പഞ്ചായത്തിലോ വില്ലേജ് ഓഫീസിലേ അറിയിക്കണം. വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലറിയിക്കുമ്പോൾ പേരും, വീട്ടുപേരും, ഫോൺ നമ്പരും, ബ്ലോക്ക്, താലൂക്ക്, വില്ലേജ് എന്നിവയും കുടുംബാംഗങ്ങളുടെ പേരും ചേർത്തിരിക്കണം. തുടർ നടപടികളും പദ്ധതികളും ആസൂത്രണം ചെയ്യുന്നതിന് ഇതാവശ്യമാണ്.

ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളുടെ സംയോജനത്തിനെ ക്രോഡീകരണത്തിനും അത്യാവശ്യമാണ്. എവിടെയൊക്കെ എന്തൊക്കയാണ് ആവശ്യം എന്ന വിലയിരുത്തലോടുകൂടി പ്രവർത്തനങ്ങൾ നടത്തണം. ഇല്ലായെങ്കിൽ മനപൂർവ്വമല്ലായെങ്കിലും ചില ഇടങ്ങളിലും ചില ആവശ്യങ്ങളെങ്കിലും നടക്കാതെ പോകുകയും, ചിലയിടത്തെങ്കിലും ലഭിച്ച വസ്തുക്കൾ ആവശ്യാമല്ലാത്തതിനാൽ വിതരണം ചെയ്യാൻ പ്രയാസപ്പെടുകയും ചെയ്യും. ഏതെങ്കിലുമൊക്കെ ഏജൻസികൾ അവരുടേതായ തലത്തിൽ പ്രവർത്തിക്കുവാൻ സന്നദ്ധത കാണിച്ചാൽ സൊസൈറ്റിയുടെ ആകമാനമുള്ള പ്രവർത്തനത്തിന്റെ ഭാഗമായിത്തന്നെ കാണുകയും റിപ്പോർട്ട് ചെയ്യുകയും വേണം.

അടിയന്തിര സാഹചര്യത്തിലെന്നതുപോലെ പി.ഡി.സി.കളുടെ തനതു വികസന പ്രവർത്തനങ്ങളിലും സൊസൈറ്റിയുമായി ചേർന്നുള്ള വികസന പ്രവർത്തനങ്ങളിലും ഉപസമിതികൾ രൂപീകരിച്ചു പ്രവർത്തിക്കുന്നത് പ്രോത്സാഹിപ്പിക്കേണ്ടതാണ്. നമ്മുടെ ഗുണഭോക്തൃഗണത്തിൽ അയൽവാസികളായ മറ്റുള്ളവരേയും കരുതുമ്പോഴാണ് യഥാർത്ഥ ക്രിസ്തീയ സാക്ഷ്യം നൽകാൻ സാധിക്കുന്നത്. ഇടവകാംഗമാണ് എന്നതുകൊണ്ട് ദുരിതാശ്വാസത്തിന് അർഹനാണ് എന്നു ചിന്തിക്കുന്ന മനോഭാവം മാറ്റിയെടുക്കാൻ ശ്രമിക്കേണ്ടതാണ്. ഇടവകാംഗം എന്നതല്ല ബാധിതനാണോ എന്നതായിരിക്കണം മാനദണ്ഡം. അർഹനെങ്കിലും കൂടുതൽ അർഹനായവനു വേണ്ടി മാറിക്കൊടുക്കുന്നതാണ് യഥാർത്ഥ ക്രിസ്തീയത എന്നു ബോദ്ധ്യമാക്കണം.

നമ്മുടെ പ്രവർത്തനങ്ങൾ ഇടവക സമൂഹത്തെ ഒന്നിപ്പിക്കുന്നതായിരിക്കണം. വിഘടനത്തിനും വിരോധത്തിനും കാരണമാകരുത്. നമ്മുടെ പ്രവർത്തനങ്ങൾ ക്രിസ്തീയ സാമൂഹ്യ ബാദ്ധ്യതയുടെ നിർവ്വഹണമായിരിക്കണം. ഇത് അപരന്റെ അവകാശമാണെന്ന ബോദ്ധ്യമുണ്ടാകണം.

നല്ല നാളേയ്ക്കായി രൂപതയുടെ, രൂപതാ സമൂഹത്തിന്റെ, നമ്മുടെ സംസ്ഥാനത്തിന്റെ പുനർസൃഷ്ടിക്കായി നമുക്കൊരുമിക്കാം.

# ഹർത്താൽ ദിനത്തിൽ ഭക്ഷണവിതരണം



ഹർത്താൽ ദിനത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമായി വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി, വിജയപുരം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കേത്തേച്ചേരിലിന്റെ നിർദ്ദേശാനുസരണം ഏറ്റെടുത്തു നടപ്പിലാക്കിവരുന്ന പദ്ധതിവഴി ഭക്ഷണം ലഭിക്കാതെ വലഞ്ഞ 500 പേർക്ക് ആഹാരം നൽകി. കെ.എസ്.ആർ.ടി.സി. തിരുനക്കര, നാഗമ്പടം ബസ്സ്സ്റ്റേഷനുകൾ റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചു നടന്ന പരിപാടിക്ക് മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ, ഫാ. ഫെലിക്സ് ദേവസ്യാ, ഫാ. അജി കാക്രാംഞ്ചേരിൽ, ഫാ. പോൾ ഡെന്നി രാമച്ചംകുടി, സ്റ്റാഫംഗങ്ങൾ, യുവജനങ്ങൾ എന്നിവർ നേതൃത്വം നൽകി.

## പ്രളയ ബാധിതർക്കുള്ള പ്രത്യേക സഹായപദ്ധതി ഉദ്ഘാടനം



*പൊതു സമ്മേളന ഉദ്ഘാടനം ജോസ് കെ. മാണി എം.പി നിർവ്വഹിക്കുന്നു. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ, മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ, ഫാ.ഫെലിക്സ് ദേവസ്യ, ഫാ. ബേസിൽ പാദുവാ, ഫാ.ഷിന്റോ വെളിപ്പറമ്പിൽ, ഫാ.ഡെന്നീസ് ജോസഫ് കണ്ണമാലിൽ എന്നിവർ സമീപം.*

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 58-ാം ജന്മദിനവും പ്രളയ ദുരന്തത്തിനിരയാവർക്കു കാരിത്താസ് ഇൻഡ്യയുടെ സഹകരണത്തോടെ നൽകുന്ന പ്രത്യേക സഹായപദ്ധതിയുടെ രൂപതാതല ഉദ്ഘാടനവും കോട്ടയം നല്ലയിടയൻ  ഇടവക വികസന സമിതിയുടെ നേതൃത്വത്തിൽ കോട്ടയം കാർമ്മൽ ഹാളിൽ നടന്നു. വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രസിഡന്റ് മോൺ. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ സൊസൈറ്റി ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ പദ്ധതി വിശദീകരണം നടത്തി. ജോസ്. കെ. മാണി എം.പി. സമ്മേളനം ഉദ്ഘാടനം ചെയ്തു. കിറ്റുകളുടെ വിതരണം തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. നിർവ്വഹിച്ചു. മോൺ. സെബാസ്റ്റ്യൻ പൂവത്തുങ്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഫാ. ബേസിൽ പാദുവ, ഫാ. ഫെലിക്സ് ദേവസ്യ പുറത്തേപ്പറമ്പിൽ, കെ.പി. ജോൺ എന്നിവർ സംസാരിച്ചു. രാവിലെ നല്ലിടയൻ ദൈവാലയത്തിൽ നടന്ന കൃതജ്ഞതാ ബലിക്ക്  മോൺ. ജസ്റ്റിൻ അലക്സാണ്ടർ മഠത്തിപ്പറമ്പിൽ  മുഖ്യകാർമ്മികനായിരുന്നു.

## ചിറക്

യൂണിസെഫിന്റെ സഹായത്തോടെ കോട്ടയം ചൈൽഡ് ലൈൻ പ്രളബാധിത മേഖലയിലെ കുട്ടികൾക്കായി 'ചിറക്' എന്ന പേരിൽ ബോധവത്ക്കരണ ക്ലാസുകൾ, പ്രത്യേകമായി സംഘടിപ്പിക്കുന്ന തുറന്ന ചർച്ചകൾ, മാനസികോല്ലാസ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. ഈ പദ്ധതിയുടെ വിലയിരുത്തലിനായി ചൈൽഡ് ലൈൻ ചെയർമാൻ കൂടിയായ കോട്ടയം ജില്ലാ കളക്ടർ ബി.എസ്. തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ജില്ല




യിലെ വിവിധ വകുപ്പു മേധാവികളുടെ യോഗം വിളിച്ചു. ചൈൽഡ് ലൈൻ ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ സ്വാഗതം ആശംസിച്ചു. നോഡൽ കോ-ഓർഡിനേറ്റർ ജസ്റ്റിൻ മൈക്കിൾ പ്രവർത്തനങ്ങൾ വിശദീകരിച്ചു. കോ-ഓർഡിനേറ്റർ മാത്യു ജോസഫ് നന്ദി രേഖപ്പെടുത്തി. ടൂറിസം, ആരോഗ്യം, വിദ്യാഭ്യാസം, എക്സൈസ്, പൊലീസ് തുടങ്ങിയ വകുപ്പുകളുടെ മേധാവികൾ ചൈൽഡ് ലൈന്റെ ഇടപെടൽ ആവശ്യമായ മേഖലകൾ ചൂണ്ടിക്കാട്ടി. സെപ്തംബർ 15-ന് ആരംഭിച്ച 'ചിറക്' ഡിസംബർ 15ന് സമാപിക്കും.

## നേത്രരോഗ നിർണ്ണയ ക്യാമ്പ്

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി, അടിച്ചിറ ചൈതന്യ കണ്ണാശുപത്രി ജനകീയ വികസന സമിതി തെള്ളകം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ തെള്ളകം സെന്റ് മേരീസ് ഹാളിൽ സൗജന്യ നേത്രരോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. ഫാ. ജോസഫ് തറയിൽ ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ പരിശോധന നടത്തുകയും തുടർ ചികിത്സ ആവശ്യമായവരെ കണ്ടെത്തുകയും ചെയ്തു. 114-പേർ ക്യാമ്പിലെത്തിയിരുന്നു. വി.എസ്.എസ്.എസ്. ആരോഗ്യവിഭാഗം സി.ഡി.ഒ. പ്രമീല ജോർജ് ഇടവക വികസന സമിതിയംഗങ്ങൾ, ആനിമേറ്റർ ജോളി ബാബു എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

**വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കുടുംബക്ഷേമപദ്ധതികളിലൊന്നായ 'വീഷെയർ' പദ്ധതിയിലെ അംഗങ്ങൾ നടത്തുന്ന വിവിധ വരുമാന വർദ്ധക സംരംഭങ്ങൾ**





# അഭിവന്ദ്യ പിതാവിന്റെ
## നവംബർ മാസ പരിപാടികൾ

| | | | | |
|---|---|---|---|---|
| 02 | വെള്ളി | 6.30 am | - | ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 03 | ശനി | 6.30 am | - | ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 07-08 | | | - | വൈദികരുടെ ത്രൈമാസ സമ്മേളനം, വിമലഗിരി പാസ്റ്ററൽ സെന്റർ കോട്ടയം |
| 09 | വെള്ളി | | - | PPD |
| 11 | ഞായർ | 3.00 pm | - | ദിവ്യബലി, ഇടവക പ്രഖ്യാപനത്തിന്റെ സുവർണ്ണ ജൂബിലി, ലിറ്റിൽ ഫ്ളവർ ചർച്ച് , എലിക്കുളം |
| 16 | വെള്ളി | | - | PPD |
| 17 | ശനി | 10.30 am | - | നിത്യവ്രതവാഗ്ദാനവും, സന്യസ്തവ്രത വാഗ്ദാനത്തിന്റെ രജതജൂബിലിയും, സെന്റ് ജോസഫ്സ് ചർച്ച്, ചെങ്ങളം |
| 20 | ചൊവ്വ | 10.30 am | - | നിത്യവ്രതവാഗ്ദാനവും, സന്യസ്തവ്രത വാഗ്ദാനത്തിന്റെ സുവർണ്ണജൂബിലിയും, സെന്റ് പോൾസ് ചർച്ച്, വെട്ടിമുകൾ |
| 23 | വെള്ളി | | - | PPD |
| 24 | ശനി | 10.30 am | - | ഉദ്ഘാടനം, ആർച്ച് ബിഷപ്പ് കോർണേലിയൂസ് ഇലഞ്ഞിക്കൽ മെമ്മോറിയൽ ക്വയർ മത്സരവും ബിഷപ് പീറ്റർ തുരുത്തിക്കോണം മെമ്മോറിയൽ പ്രസംഗമത്സരവും - വിമലഗിരി പാസ്റ്ററൽ സെന്റർ, കോട്ടയം |
| 29 | വ്യാഴം | 5.15 pm | - | തിരുനാൾ കൊടിയേറ്റ്, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 30 | വെള്ളി | | - | PPD |



2018 ഒക്ടോബർ 03ന് വത്തിക്കാനിൽ നടന്ന മെത്രാന്മാരുടെ സാധാരണ സിനഡിന്റെ പ്രാരംഭം


SOUTH INDIAN Bank
SIB
Savings Account


Need a vehicle?
Vehicle loans from CSB
We realize that India's growing population and economy requires better means of transport. Be it Companies, Firms, Educational Institutions, Hospitals or Individuals, we help finance your purchase. Our loans are hassle free and the interest rates competitive. We help when you need it the most.
Loans available for individuals and organizations
Loans available for purchase of new and used vehicles
Special scheme for HNI's
Equated Monthly Installments (EMI)
Call: 1800 266 9090
www.csb.co.in
CSB... Support all the way
Catholic Syrian Bank
CSB

NOVEMBER 2018
Vol. 11 • Issue 11
Published on
1st November 2018

Vijayapuradhuthu
(MONTHLY)
Annual Subscription ₹ 60.00

Registered No. KL/KTM/117/2017-19
LIC. No. KL/CR/KTM/WPP-09/2017-19
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA


# മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം



# ECOBURN™

**MOST ECONOMICAL ECO–FRIENDLY SOLID WASTE BURNER**

വൈദ്യുതി, ഗ്യാസ്, ഓയിൽ തുടങ്ങിയ യാതൊരുവിധ ഇന്ധന സഹായവുമില്ലാതെ തികച്ചും പരിസ്ഥിതി സൗഹൃദപരമായി ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യ. മലിനീകരണ നിയന്ത്ര സംവിധാനത്തോടെ, ഫ്ളാറ്റുകൾ, ആശുപത്രികൾ ഹോസ്റ്റലുകൾ, ഓഡിറ്റോറിയങ്ങൾ, ഹോട്ടലുകൾ ഷോപ്പിംഗ് കോംപ്ലക്സ്, പൊതുമാർക്കറ്റുകൾ, വീടുകൾ എന്നിവയിൽ നിന്നുള്ള ഖരമാലിന്യ പ്രശ്നങ്ങൾക്ക് ചിലവു കുറഞ്ഞ രീതിയിൽ ശാശ്വത പരിഹാരം.

- ലളിതമായ പ്രവർത്തനരീതി
- പരിപാലന ചിലവ് ഇല്ല
- ആവശ്യാനുസരണമുള്ള ഡിസൈൻ
- വളരെ കുറഞ്ഞ സ്ഥാപിത ചിലവ്

**ecoway**
TECHNOLOGIES PVT. LTD.

**Perumbaikadu P.O., Neelimangalam**
**Kottayam - 686028**
**Ph: 0481-2397752/9400316501**

**ENVIRONMENTAL CONSULTANTS & MANUFACTURES OF:**
WATER & WASTE WATER TREATMENT PLANTS • SOLID WASTE DISPOSAL SYSTEMS • AIR POLLUTION CONTROL STSTEMS


Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at Good Shepherd Press, Kottayam, Kerala. # 0481-2569180